LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2022 ഏപ്രിൽ – ജൂൺ, ലക്കം 24



## വെളിച്ചം പകരുന്ന ഉയിർപ്പനുഭവങ്ങൾ



റൈറ്റ് റവ.ഡോ.തോമസ് മാർ തീത്തോസ്
എപ്പിസ്കോപ്പാ തിരുമേനിയ്ക്ക്

## ജന്മദിനാശംസകൾ...

(മെയ് 10)



13.02.2022 ൽ പന്തളം മാർത്തോമ്മാ പള്ളിയിൽ വച്ച് ശെമ്മാശ് സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട
DN. JASON VARGHESE, DN. ANI ALEX KURIAN, DN. JOBIN A.GEORGE



## അനുമോദനങ്ങൾ

ഉത്തർപ്രദേശ് AMITY യൂണിവേഴ്സിറ്റിയിൽ നിന്നും MBA Goldmedal
കരസ്ഥമാക്കിയ JEENY MARIA PETER, അടൂർ ഇമ്മാനുവേൽ ഇടവകാംഗം

## ആദരാഞ്ജലികൾ



റവ. സി.വി. ജോർജ്ജ്



റവ. എസ്. വി. ചെറിയാൻ



റവ. ചിന്നദുരൈ ജെ.

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2022 ഏപ്രിൽ – ജൂൺ, ലക്കം 24



പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. ബേബി ജോൺ**

ചീഫ് എഡിറ്റർ
**റവ. ജോൺ മാത്യു**

മാനേജർ
**റവ. സോജു എം. തോമസ്**

കമ്മിറ്റി അംഗങ്ങൾ
**റവ. സുബിൻ സാം മാമ്മൻ**
**റവ. പോൾ ജേക്കബ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. ജോർജ്ജ് ഫിലിപ്പ്**
**ശ്രീ. തോമസ് ജോൺ**
**ശ്രീ. ജെറി റ്റി. യേശുദാസൻ**
**ശ്രീമതി ഗേളി ജോസ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**



വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ - 691 523



**വാർഷിക വരിസംഖ്യ – 50/–**


## ഉള്ളടക്കം


**04** ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**06** ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**08** എഡിറ്റോറിയൽ

**ഉയിർപ്പ്: പ്രതീക്ഷയുടെ ജ്വാലാമുഖം**
റവ.ഡോ.ഐസക് ജി. വർഗീസ് **09**



**നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ!**
ബ്ലെസ്സൺ എസ്.കെ. **12**



**മാറ്റൊലികളുടെ ഗത്സമന**
ചാക്കോ വർഗ്ഗീസ് **19**



**കെ – റെയിൽ**
യുവജനസഖ്യം പഠനം **20**



**BE LIKE AN EAGLE FLY UP AND UP**
O. C. Cherian Ooramvelil **23**



**കുട്ടികളുടെ വിദ്യാഭ്യാസന മേഖലകളിൽ..**
ഡോ. സിജിയ ബിനു **25**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,

വീണ്ടും ഹെർമ്മോൻ ദൂതനിലൂടെ ഭദ്രാസനത്തിലെ പ്രിയപ്പെട്ടവരെ അഭിസംബോധന ചെയ്യുവാൻ ലഭിച്ച അവസരത്തിനായി ഏറെ സന്തോഷിക്കുന്നു.

വലിയ നോമ്പിന്റെ നാളുകളിലാണല്ലോ നാം ഇപ്പോൾ ജീവിക്കുന്നത്. ഭക്ഷണകാര്യങ്ങളിലും മറ്റെല്ലാ മേഖലകളിലും ശിക്ഷണവും ലാളിത്യവും പാലിക്കുവാൻ ഏവരും ശ്രദ്ധിക്കുമല്ലോ. ചിലവുകൾ കുറച്ച് മിച്ചം വയ്ക്കുന്ന തുക നമ്മുടെ എലിപ്പക്കുളത്ത് ആരംഭിക്കുന്ന സാന്ത്വന പരിചരണ കേന്ദ്രത്തിന് നൽകുവാൻ ഏവരും ഉത്സാഹിക്കണം. നിർമ്മാണം അതിന്റെ പൂർത്തീകരണത്തിൽ എത്തിനിൽക്കുന്നു. നിർധനരും ഒറ്റപ്പെട്ടവരുമായി കുറെയധികം സ്ത്രീകൾക്ക് അഭയം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ കേന്ദ്രം. അത്ഭുത പൂർവ്വമായ ജനപങ്കാളിത്തമാണ് ലഭിച്ചത്. ഉയിർപ്പ് പെരുന്നാളിനോട് അനുബന്ധിച്ച് കൂദാശയും ഉദ്ഘാടനവും നിർവഹിക്കണമെന്ന് താല്പര്യപ്പെടുന്നു. തുടർന്നും ഏവരുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ജന്മദിനം, വിവാഹ വാർഷികം, തുടങ്ങിയ ജീവിതത്തിന്റെ വിശേഷ ദിവസങ്ങൾ, ഈ സെന്ററിൽ പാർക്കുന്നവരോടൊത്ത് ആഘോഷിക്കുവാൻ കഴിഞ്ഞാൽ സെന്ററിന്റെ പ്രവർത്തനത്തിന് ഒരു വലിയ സഹായമായി ഭവിക്കും. കൂടാതെ സ്വമേധാ സേവന സന്നദ്ധരായ പ്രിയപ്പെട്ടവർക്ക് അവിടുത്തെ പ്രവർത്തനങ്ങളിൽ വന്നു സഹായിക്കാവുന്നതാണ്. ഈ വർഷത്തെ വലിയ നോമ്പാചരണം ചിത്തശുദ്ധി വരുത്തി ഇത്തരത്തിലുള്ള സൽപ്രവർത്തനങ്ങളിൽ വ്യാപൃതരാകുവാൻ കഴിഞ്ഞാൽ അത് ഒരു പുത്തൻ അനുഭവമായിത്തീരും എന്നതിൽ സംശയമില്ല..

2022-23 സാമ്പത്തിക വർഷം ഏപ്രിൽ 1-ന് ആരംഭിക്കുകയാണല്ലോ. പുതുതായി ഇടവക ചുമതലക്കാരായി തിരഞ്ഞെടുക്കപ്പെട്ട് ഭദ്രാസന അദ്ധ്യക്ഷൻ അംഗീകരിച്ചവർ പ്രാർത്ഥനയോടെ ചുമതലകൾ നിർവ്വഹിച്ച് തുടങ്ങാവുന്നതാണ്. എത്രയും വേഗം 2021-22 ലെ വാർഷിക റിപ്പോർട്ടും വരവ് ചെലവ് തെരട്ടും 2022-23 ലെ ബഡ്ജറ്റും തയ്യാറാക്കി കൈസ്ഥാന സമിതിയിലൂടെ ഇടവക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കി അംഗീകാരത്തിനായി ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് സമർപ്പിക്കേണ്ടതാണ്. Internal and External Auditing കൃത്യമായും വ്യക്തമായും നടത്തിയിരിക്കണം. സാമ്പത്തിക കാര്യവിചാരകത്വം അതീവശ്രദ്ധയോടെ നിർവഹിക്കുന്നതിൽ ആർക്കും വീഴ്ച വന്നുകൂടാത്തതാണ്. കോവിഡ് മഹാമാരിയുടെ വ്യാപനത്തോത് നന്നേ കുറഞ്ഞ് വരുന്ന ഈ സമയങ്ങളിൽ ആരാധനയോടൊപ്പം വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളും സജീവമാക്കുവാൻ അതിന്റെ ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം. സഭയുടെ പാൻ നമ്പർ ഉപയോഗിക്കുന്ന സംഘടനകളും ഇതര സ്ഥാപനങ്ങളും External auditing പൂർത്തിയാക്കി നിശ്ചിത 10 BB Form എത്രയും വേഗം സമർപ്പിച്ചിരിക്കേണ്ടതാണ്

പല വർഷങ്ങൾ ഭദ്രാസനത്തിലെ ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ അനുഷ്ഠിച്ച് മറ്റ് ഭദ്രാസനങ്ങളിലേക്ക് മെയ് 1 മുതൽ സ്ഥലം മാറി പോകുന്ന റവ. രാജു ഫിലിപ്പ് സഖറിയ, റവ. സാം എബ്രഹാം, റവ. ജോൺ പി. തോമസ്, റവ. ജോൺ പി. ജോയ് എന്നീ അച്ചൻമാർക്കും കുടുംബാംഗങ്ങൾക്കും ഭദ്രാസനത്തിന്റെ നന്ദി അറിയിക്കുന്നു. സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന റവ. പി. മാത്യു, റവ. ഡോ. മോനി മാത്യു. റവ. എം.സി. ശാമുവേൽ എന്നീ ബഹുമാനപ്പെട്ട അച്ചന്മാരോടും കുടുംബാംഗങ്ങളോടും ഭദ്രാസനത്തിന്റെയും സഭയുടെയും നന്ദി അറിയിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ സമൃദ്ധമായ ആയുസ്സും ആരോഗ്യവും നൽകി കർത്താവിന്റെ സഭയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ എലിക്കാട്ടൂർ സീയോൻ ഇടവകാംഗമായിരുന്ന ബഹുമാനപ്പെട്ട ദിവ്യശ്രീ. വൈ. മത്തായി കശ്ശീശ മാർച്ച് 04-ാം തീയതി നിര്യാതനായി. മാർച്ച് 10-ാം തീയതി സംസ്കാര ശുശ്രൂഷ നടത്തപ്പെടുകയും ചെയ്തു. അച്ചന്റെ ദേഹവിയോഗത്തിൽ ഭദ്രാസനത്തിന്റെ അനുശോചനം അറിയിക്കുന്നു. കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗവും സുവിശേഷ പ്രസംഗസംഘത്തിലെ സുവിശേഷകനുമായിരുന്ന ഇവാ. റ്റി.എം. കോശി, തുവയൂർ സെന്റ് പീറ്റേഴ്സ് ഇടവകാംഗവും നിരണം മാരാമൺ ഭദ്രാസന സുവിശേഷകനും ആയിരുന്ന ഇവാ. സന്തോഷ് ജോർജ്ജ് എന്നിവരുടെ ദേഹവിയോഗത്തിൽ ഭദ്രാസനത്തിന്റെ അനുശോചനം അറിയിക്കുന്നു.

ഏറെക്കാലം കൊണ്ട് ആഗ്രഹിച്ച് തീരുമാനിച്ചതിൻ പ്രകാരം കലയപുരം സീയോൻ കുന്നിൽ പുതിയ സ്കൂൾ കെട്ടിട സമുച്ചയം പൂർത്തീകരണത്തിലേക്ക് സമീപിക്കുന്നു. അനേകരുടെ പ്രാർത്ഥനയും നേതൃത്വവും നിർമ്മാണവേളയിൽ ലഭിച്ചത് നന്ദിയോടെ ഓർക്കുന്നു. Architect Mr. Sobhak Thomas, Contractor Mr. Albert Oommen Roy, നിർമ്മാണ കമ്മിറ്റി അംഗങ്ങൾ എന്നിവരെ എത്രശ്ലാഹിച്ചാലും അധികമാവില്ല. പുതിയ സ്കൂൾ വർഷം പുതിയതായി നിർമ്മിച്ച് സ്കൂളിൽ കുഞ്ഞുങ്ങളുടെ ക്ലാസ്സുകൾ ആരംഭിക്കത്തക്കവണ്ണം ക്രമീകരണം ചെയ്തുവരുന്നു. മനോഹരമായ സിയോൻ കുന്നിന്റെ നെറുകയിൽ എല്ലാ സൗകര്യങ്ങളോടും കൂടെ നിർമ്മിച്ചിരിക്കുന്ന സ്കൂൾ നമ്മുടെ കുട്ടികൾക്ക് പ്രയോജനപ്പെടത്തക്കവണ്ണം അഡ്മിഷൻ എടുക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാക്ഷികളായി അന്ധകാര അനുഭവങ്ങളുടെ നടുവിൽ പ്രകാശം പരത്തുന്ന ദീപങ്ങളായി ജ്വലിച്ച് പ്രകാശിക്കുവാൻ എല്ലാവരെയും ദൈവം സഹായിക്കട്ടെ. ഈ നോമ്പിന്റെ നാളുകളും ഹാശാ ആഴ്ചയിലെ ശുശ്രൂഷകളും അർത്ഥപൂർണ്ണമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഏവർക്കും അനുഗ്രഹകരമായ ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ നേരുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2022 മാർച്ച് 20-ാം തീയതി ഹെർമ്മോൻ അരമനയിൽ നിന്നും...



**ഡോ. ഏബ്രഹാം മാർ പൗലൊസ്**
**എപ്പിസ്കോപ്പ**

# ഉത്ഥാനം പ്രത്യാശയുടെ മഹോത്സവം



**റവ. ബേബി ജോൺ**

കാൽവറി മുതൽ കല്ലറ വരെയും അവസാനിക്കാത്ത കൂട്ടിന്റെയോ, സൗഹൃദത്തിന്റെയോ ഒക്കെ പേരാണ് സ്നേഹം. അത് കല്ലറകൾക്കുമപ്പുറത്തേക്കും നീളുന്നു. അവനായി മാത്രം പുലരി വിരിയും മുമ്പേ, രാവ് അസ്ത മിക്കും മുമ്പേ ഒരു യാത്ര. അവന്റെ ശിഷ്യന്മാർ പോലും ഉത്ഥിതനെ കാണാതെ കല്ലറ വിട്ടകലുമ്പോൾ വീണ്ടും ഒറ്റയ്ക്ക് കല്ലറയ്ക്കുമുമ്പിലുള്ള കാത്തിരിപ്പ്. ഒരുപാട് കാത്തിരിക്കുന്ന ആരെയും അവൻ നിശരായി മടക്കി അയച്ചിട്ടില്ല. അതുകൊണ്ട് ഇനി മിഴികളുയർത്തേണ്ടത് ഉത്ഥാനത്തിന്റെ കാഴ്ചവട്ടങ്ങളിലേക്കും കാത്തിരിപ്പിലുമാണ്. മിഴിയുയർത്തി കാത്തിരിക്കുന്നവർ ഓർക്കുക വെട്ടം വീശാൻ, പ്രഭാതം വിരിയാൻ നിമിഷങ്ങൾ മാത്രം ബാക്കി. ഉത്ഥാനം പ്രത്യാശയുടെ ഉത്സവം തന്നെ.

കോവിഡിന്റെ മധ്യത്തിലും അതിനെ അതിജീവിച്ചുകൊണ്ട് 38-ാമത് ഭദ്രാസന കൺവൻഷൻ 2022 ജനുവരി 5 മുതൽ 9 വരെ ക്രമീകരിക്കുവാൻ ദൈവകൃപയാൽ ഇടയായി. ഉദ്ഘാടനം ചെയ്ത് കൺവൻഷനെ ധന്യമാക്കിയ മെത്രാപ്പോലീത്താ തിരുമേനിയോടും പ്രസംഗം ചെയ്ത് സഹായിച്ചവരോടും കൺവീനറായി പ്രവർത്തിച്ച റവ. ഡോ. മോനി മാത്യു അച്ചനോടും ട്രഷററായി പ്രവർത്തിച്ച എം. എം. എബ്രഹാം സാറിനോടും ഭദ്രാസന ട്രഷറർ ശ്രീ. വർഗ്ഗീസ് തരകനോടും വിവിധ രീതികളിൽ കൺവൻഷനിൽ സംബന്ധിച്ച് ദൈവജനത്തോടും അച്ചന്മാരോടും സുവിശേഷകരോടും കൗൺസിൽ അംഗങ്ങളോടും സബ്കമ്മിറ്റി അംഗങ്ങളോടും ഓൺലൈൻ ക്രമീകരണങ്ങൾ ചെയ്ത ഡി.എസ്.എം.സിയോടുമുള്ള കൃതജ്ഞത അറിയിക്കുന്നു. നേതൃത്വം കൊണ്ടും ഉപദേശം കൊണ്ടും നിർദ്ദേശം കൊണ്ടും കൺവൻഷന് ചുക്കാൻ പിടിച്ച ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയെയും നന്ദിപൂർവ്വം സ്മരിക്കുന്നു. വികാരി ജനറാൾ വെരി റവ. റ്റി. കെ. മാത്യു അച്ചന്റെ സാന്നിദ്ധ്യം കൺവൻഷന് സന്തോഷകരമായിരുന്നു.

മാരാമൺ കൺവൻഷനിൽ ഈ വർഷവും സ്റ്റാൾ ഭംഗിയായി പ്രവർത്തിച്ചു. അതിന് ക്രമീകരണം ചെയ്ത് സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. കുടുംബസംഗമം മാർച്ച് മാസം 12-ാം തീയതി ഭംഗിയായി സ്പിരിചാലിറ്റി സെന്ററിൽ ക്രമീകരിച്ചു. 250-ൽ അധികം കുടുംബങ്ങൾ പങ്കെടുത്ത കുടുബസംഗമത്തിൽ റവ. സജേഷ് മാത്യൂസ് അച്ചൻ ക്ലാസ് എടുത്തു. പങ്കെടുത്ത എല്ലാവരെയും കൺവീനർമാരായി പ്രവർത്തിച്ച റവ. ജോൺ മാത്യു, ശ്രീ. ജെയ് സി. ജോർജ്ജ് എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഭദ്രാസന ട്രഷറർ ശ്രീ. വർഗ്ഗീസ് തരകൻ ഒരു ആക്സിഡന്റിനെ തുടർന്ന് ഓപ്പറേഷന് വിധേയനായി ഭവനത്തിൽ വിശ്രമിക്കുന്നു. പ്രാർത്ഥനയിൽ ഓർക്കേണമേ ഭദ്രാസനത്തിന്റെ പ്രധാന നിർമ്മാണ പ്രവർത്തനമായ എലിപ്പക്കുളം ഓൾഡേജ് ഹോമിന്റെയും കലയപുരം സ്കൂളിന്റെയും പ്രവർത്തനം പൂർത്തീകരണത്തിലേക്ക് പ്രവേശിക്കുന്നു. കരങ്ങൾ തുറന്ന് പ്രാർത്ഥനയിൽ ഓർക്കണമേയെന്ന് അഭ്യർത്ഥിക്കുന്നു. ദൈവനിശ്ചയമായാൽ ഈ സാമ്പത്തികവർഷം തന്നെ കൂദാശ ചെയ്യുവാനായി ആഗ്രഹിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ എലിക്കാട്ടൂർ സീയോൻ മാർത്തോമ്മാ ഇടവകാംഗമായ റവ. വൈ. മത്തായി അച്ചൻ മാർച്ച് മാസം 4-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. 10-ാം തീയതി എലിക്കാട്ടൂർ സീയോൻ മാർത്തോമ്മാ പള്ളിയിൽ വെച്ച് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെയും അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ തിരുമേനിയുടെയും മുഖ്യകാർമ്മികത്വത്തിലും, വികാരിജനറാൾ അച്ചന്റെയും സഭാ സെക്രട്ടറിയുടെയും നിരവധി അച്ചന്മാരുടെയും സജീവ സാന്നിദ്ധ്യത്തിലും സംസ്കാര ശുശ്രൂഷ നടത്തപ്പെട്ടു. നമ്മുടെ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായി അനുഗ്രഹീത ശുശ്രൂഷ ചെയ്തിട്ടുണ്ട്. അച്ചന്റെ മഹത്വകരമായ പ്രവർത്തനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. വേർപാടിൽ ദുഃഖിച്ചിരിക്കുന്ന കൊച്ചമ്മയേയും മക്കളേയും ദൈവം ആശ്വസിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നതോടൊപ്പം ഭദ്രാസനത്തിന്റെ അനുശോചനം അറിയിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ തുവയൂർ സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകാംഗമായ ഇവാ. സന്തോഷ് ജോർജ് മാർച്ച് 9-ാം തീയതിയിൽ കർത്താവിൽ നിദ്രപ്രാപിച്ചു. നിരണം-മാരാമൺ ഭദ്രാസനത്തിലെ സുവിശേഷകനായി ശുശ്രൂഷ ചെയ്തുവരികയായിരുന്നു. 12-ാം തീയതി നടന്ന ശവസംസ്കാര ശുശ്രൂഷയ്ക്ക് വമ്പിച്ച ജനാവലി അദ്ദേഹത്തിന്റെ സാക്ഷ്യവും സുവിശേഷ തീഷ്ണതയും വരച്ചുകാട്ടിയിരുന്നു. സന്തോഷിന്റെ സഹധർമ്മിണി മേഴ്സിയെയും മക്കളായ സ്നേഹ, സെലിൻ, ജെറിൻ എന്നവരെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഭദ്രാസനത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു. എല്ലാവർക്കും ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ അറിയിക്കുന്നു.



## രുചി പകരുന്ന നോമ്പ്

ഈ വർഷത്തെ നോമ്പിൽ രുചി വെടിഞ്ഞ് വേർതിരിക്കുന്ന തുകയുടെ ഒരു ഭാഗം എലിപ്പക്കുളം വയോജനമന്ദിരത്തിലെ ആദ്യമാസത്തെ ഭക്ഷണ ആവശ്യങ്ങൾക്കായി നൽകി ആരോരുമില്ലാത്തവർക്ക് രുചി പകരുന്ന നോമ്പ് ആചരിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

**– ഭദ്രാസന സെക്രട്ടറി**




# വെളിച്ചം പകരുന്ന
# ഉയിർപ്പനുഭവങ്ങൾ

അന്ധകാര ശക്തികൾ താൽക്കാലിക വിജയം ആഘോഷിക്കുന്ന ലോക പരിസരത്താണ് നാം ജീവിക്കുന്നത്. യുദ്ധം ഉയർത്തുന്ന തീജ്വാലകൾ ഒരു പ്രദേശമാകെ കരിനിഴൽ വീഴ്ത്തുകയാണ്. പ്രകാശ ശോഭിതമായി നിന്നിരുന്ന ഇടങ്ങളെല്ലാം തന്നെ അന്ധകാര നിബിഡമായി മാറിയിരിക്കുന്നു. പലായനം ചെയ്യേണ്ടി വരുന്ന കുഞ്ഞുങ്ങൾ, സ്ത്രീകൾ, യുദ്ധമുഖത്തു നിന്ന് ഓടി രക്ഷപെടുവാൻ പോലും ത്രാണിയില്ലാത്ത അവശരും ക്ഷീണിതരുമായ വയോജനങ്ങൾ, രോഗികൾ ഇവരുടെയെല്ലാം മനസ്സിൽ പ്രതീക്ഷയുടെ തിരിനാളങ്ങൾ കെടുത്തിക്കളയുന്ന യുദ്ധത്തിന്റെ ക്രൂരമുഖങ്ങൾ.

> “
> പലായനം ചെയ്യേണ്ടി വരുന്ന കുഞ്ഞുങ്ങൾ, സ്ത്രീകൾ, യുദ്ധമുഖത്തു നിന്ന് ഓടി രക്ഷപെടുവാൻ പോലും ത്രാണിയില്ലാത്ത അവശരും ക്ഷീണിതരുമായ വയോജനങ്ങൾ, രോഗികൾ ഇവരുടെയെല്ലാം മനസ്സിൽ പ്രതീക്ഷയുടെ തിരിനാളങ്ങൾ കെടുത്തിക്കളയുന്ന യുദ്ധത്തിന്റെ ക്രൂരമുഖങ്ങൾ.




ക്രൂശീകരണ വേളയിൽ ദേശമെല്ലാം ഇരുട്ട് വ്യാപിക്കുന്നുണ്ട് എന്നാൽ ഉയിർപ്പ് അനുഭവങ്ങൾ എല്ലായിപ്പോഴും പ്രകാശം പരത്തുന്നവയാണ്. തകർന്നടിഞ്ഞ ഉക്രൈനിന്റെ ഉയിർപ്പ് പ്രതീക്ഷയോടെ കാത്തിരിക്കാം.

മനുഷ്യമനസ്സുകളിലാണ് ഉയിർപ്പ് അനുഭവം ആദ്യം ഉടലെടുക്കേണ്ടത്. മനുഷ്യ ജീവിതങ്ങളെ അന്ധകാരത്തിലാഴ്ത്തുന്ന എല്ലാ പ്രവണതകളിൽ നിന്നും ഒഴിഞ്ഞിരിക്കുന്നത് തന്നെയാണ് ഉയിർപ്പ് അനുഭവം.

അതിവേഗതയ്ക്കായി ഒരു കൂട്ടം ആളുകൾ മുറവിളി കൂട്ടുമ്പോൾ സ്വന്തം ജീവന ഇടങ്ങൾ നഷ്ടപ്പെടുമെന്നുള്ള ഭീതിയിൽ കഴിയുന്ന സാധാരണക്കാരും ദരിദ്രരും സ്വാധീനശേഷിയില്ലാത്തവരുമായ വലിയകൂട്ടം ആളുകൾ മറ്റൊരുതരത്തിലുള്ള അന്ധകാര അനുഭവങ്ങളിലേക്ക് തള്ളപ്പെടുകയാണ്.

വികസനം ആർക്കുവേണ്ടി എന്ന ചോദ്യം എപ്പോഴും ഉന്നയിക്കപ്പെടേണ്ടതാണ്. അന്നന്നത്തെ അന്നത്തിനു വേണ്ടി അഹോരാത്രം അദ്ധ്വാനിക്കുന്നവരുടെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടം, കുഞ്ഞുങ്ങളുടെ നിലവിളികൾ ഇവ കെറെയിൽ സമര ഇടങ്ങളിൽ നിലക്കാതെ മുഴങ്ങുന്നു. നിശബ്ദരാക്കപ്പെടുന്നവരുടെ ശബ്ദമായി മാറുന്നതും ഉത്ഥാന അനുഭവമാണ്.

അന്ധകാര ശക്തികളോടുള്ള ദൈവത്തിന്റെ പ്രതിരോധവും വിജയവുമാണ് ഉയിർപ്പ്. ജീവനെ നിഷേധിക്കുവാനല്ല മരണാനുഭവങ്ങളിൽ ജീവന്റെ സാധ്യതകളെ കണ്ടെത്തുന്നതിനാണ് യേശുവിന്റെ ഉയർപ്പ് നമ്മോടു മന്ത്രിക്കുന്നത്.



ധ്യാനം





റവ. ഡോ. ഐസക് ജി. വർഗീസ്
പിറവന്തൂർ

# ഉയിർപ്പ്: പ്രതീക്ഷയുടെ ജ്വാലാമുഖം
## The flame of resurrection hope

> “ജീവിതത്തിലെ എല്ലാ പ്രതീക്ഷകളെയും കുഴിച്ചു മൂടേണ്ടി വന്ന ഘട്ടങ്ങൾ നമുക്ക് മുന്നിൽ നേരിടേണ്ടി വന്നിട്ടില്ലേ? സ്വപ്നങ്ങളും, രോഗങ്ങളും, പ്രതിസന്ധികളും, ആകുലതകളും, പ്രലോഭനങ്ങളും ഒക്കെ ഉണ്ടായിട്ടുള്ളപ്പോൾ നിരാശക്കല്ലുകൾക്കു മുന്നിൽ നിസഹായരായി നിൽക്കേണ്ടി വന്നിട്ടുള്ള നിമിഷങ്ങളിൽ നാം ചോദിക്കും: ഈ കല്ല് ആര് ഉരുട്ടി മാറ്റും?

‘അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു.’ –മത്തായി 28:6

ക്രൈസ്തവ വിശ്വാസത്തെ ദീപ്തമാക്കിയ സംഭവമാണ് ഉത്ഥാനം. ഉയിർപ്പ്, ദൈവത്തിനുണ്ടായതല്ല,ദൈവത്തെ കുറിച്ചല്ല, ദൈവത്തോടുള്ള സന്ദേശവും അല്ല, മറിച്ച്, സർവ്വ മാനവരാശിക്കും പ്രതീക്ഷയുടെ ഒരു ഉയിർത്തെഴുന്നേൽപ്പുണ്ടെന്ന സന്ദേശം, സർവരോടും സാക്ഷിക്കുന്നതിനു ലോകത്തിൽ ദൈവത്തിലൂടെ, ക്രിസ്തുവിൽ സംഭവിച്ചതാണ്. സൂര്യനെപ്പോലെ ഉദിക്കാനും, ഉണരാനുമുള്ള സ്വാതന്ത്ര്യമാണ് ഉയർത്തെഴുന്നേൽപ്പ് നമുക്ക് വാഗ്ദാനം ചെയുന്നത്. "Christianity is in its very essence a resurrection religion. If you remove it, Chrisianity is destroyed" (John Stott) ക്രിസ്തു മതം പുനരുത്ഥാനം അടിസ്ഥാനപ്പെട്ട മതമാണ് നിങ്ങൾ അത് നീക്കം ചെയ്താൽ ക്രിസ്തു മതം നശിപ്പിക്കപ്പെടും പ്രത്യാശയുടെ അമൂർത്തമായ പ്രതീകമാണ് മാനവരാശിയുടെ മദ്ധ്യേ ഉത്ഥിതൻ നൽകിയ സജീവതയും, സാന്നിധ്യവും. നിലക്കാത്ത പ്രതീക്ഷയുടെ വാതായനങ്ങൾ തുറന്ന ഉയിർപ്പിന്റെ സന്ദേശം അന്നും, ഇന്നും. എന്നും സംഗതമാണ്.

**1. ഉയിർപ്പ്: ഉത്ഥാനത്തിനു ശേഷവും കല്ലറക്കു വലം വക്കുന്നവരുടെ ലോകത്തിൽ..** (V1) **...കല്ലറ കാണ്മാൻ ചെന്നു**

യേശുവിനോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനാണ് സ്ത്രീകൾ കല്ലറക്കു അരികിൽ എത്തിയത്. യേശുവിന്റെ നിർജീവ ശരീരത്തിന്റെ

സാന്നിധ്യമാണ് മനസ്സിൽ ഉണ്ടായിരുന്നത്. ഉത്ഥാനത്തിനു ശേഷവും ഉയിർക്കാത്തവരുടെ ലോക ക്രമം പേറുന്നവർ, ഉത്ഥാനത്തിന്റെ ഉണർച്ച ബാധിക്കാത്തവരുടെ പ്രതിനിധികളാണ്. ഭൗമീകനും, സ്വർഗീയനുമായ ക്രിസ്തുവിന്റെ അസ്തിത്വം കേവലം ജൈവ സാന്നിധ്യം മാത്രം എന്ന് വിശ്വസിച്ചാൽ, ഈ അവസ്ഥ ആരിലും ഉളവാകാം. ഉത്ഥാനത്തിന്റെ ഉണർച്ച ഉള്ളിൽ സ്വീകരിക്കാതെ നിലയുറപ്പിക്കുന്നവരായി മാറുന്നവരുടെ സാന്നിധ്യവും, കല്ലറക്കു അപ്പുറത്തേക്ക് വിശ്വാസത്തെ വിശാലമാക്കാൻ പ്രാപ്തിയില്ലാത്തവരുടെ മനസ്സും ഇവിടെ വ്യക്തമാവുന്നു.'യേശു ഇവിടെ ഇല്ല, ഉയർത്തെഴുന്നേറ്റിരിക്കുന്നു' എന്ന ദൂതന്റെ വാക്കുകൾ അവരെ ആശ്ചര്യപ്പെടുത്തുവാൻ കാരണം അതാണ്.

ഉത്ഥാന നാളിൽ ശിഷ്യരുടെ മുഖം വാടിയും, ഹൃദയം നിരാശാഭരിതവും ആയിരുന്നു. അടഞ്ഞ വാതിലുകളും, ഭയം നിറഞ്ഞ മനസ്സും, പീഡാനുഭവത്തിന്റെ കാഴ്ചകൾ കണ്ടു നടുങ്ങിപ്പോയ വിശ്വാസികളുടെ പശ്ചാത്തലവും ആത്മീക പരിസരത്തെ കലുഷിതമാക്കി. ഇവിടെയാണ് സമൂഹത്തിനു പ്രത്യാശയുടെ പുലരിയും, പ്രതീക്ഷകളുടെ ആകാശവുമായി ഉത്ഥാനം ഒരു വാഗ്ദാനം ആകുന്നത്.

ഉയിർപ്പിന്റെ സന്ദേശം പ്രഭാപൂരിതം ആകുന്നത് മരണാനന്തരമുള്ള ഉത്ഥിതന്റെ ഉറപ്പു മാത്രമല്ല, സമകാലീന സാമൂഹ്യ പരിസരത്തെ എല്ലാ അടിമത്ത ശൈലികളിൽ നിന്നും, ഉള്ള വിശാലമായ സ്വാതന്ത്ര്യത്തെയാണ് പ്രഖ്യാപിക്കുന്നത്. അതാണ് ഉയിർപ്പിന്റെ പ്രകാശം.

യേശുവിന്റെ മരണശേഷം മൃതശരീരം കല്ലുകൊണ്ട് മൂടിയിട്ടു, മുദ്രവെച്ചു കാവൽ നിന്നു. മൃതശരീരത്തിനു കാവൽ നിൽക്കുക എന്നാൽ ക്രിസ്തുവിന്റെ തുടിപ്പുകൾ ഇനി ഉണ്ടായാൽ നിലവിലിരുന്ന സമ്പ്രദായങ്ങൾക്കു ഭീഷണിയാകും എന്ന ഭയപ്പാടിൽ നിന്നും ക്രൂശിച്ചവർക്കു രക്ഷപ്പെടുവാൻ ആയിരുന്നു.

ലോകത്തിന്റെ ക്രമത്തിൽ, മൃതമായ പലതിനും ജീവൻ വെക്കാതിരിക്കാൻ സംവിധാനങ്ങൾ കാവൽ കിടക്കുമ്പോളും, ക്രിസ്തു കല്ലറയിൽ നിന്നും മാനവർക്കു ഉയിർപ്പിന്റെ തുടിപ്പേകി.

നിർജീവതയുടെ കാവൽക്കാർ ആകാതെ, സജീവതയുടെ ചാലകമായി മാറുവാൻ ക്രിസ്തുവിന്റെ ഉയിർപ്പു ഓർമ്മപ്പെടുത്തുന്നു. ഉത്ഥാനത്തിലൂടെ ക്രിസ്തു കാൽവരിയെ പ്രതീക്ഷയുടെ പ്രകാശ ഗോപുരമാക്കി.

യേശുവിന്റെ കല്ലറ വാതിൽക്കൽ ഉരുട്ടി വെച്ച വലിയ കല്ല് പോലെ പലതും ഈ വർത്തമാന കാലത്തും നമ്മുടെ ജീവിതത്തെ ഞെരുക്കുന്നുണ്ടാവാം. കല്ല് ഉരുട്ടി വെച്ചവരുടെയും, ഉരുട്ടിവെച്ച കല്ലിനു പുറത്തു കാവലിരിക്കുന്നവരുടെയും ശിലാ ഹൃദയ അവസ്ഥ നാം തിരിച്ചറിയുമ്പോളാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനുള്ള മനുഷ്യ നിർമ്മിത തടസ്സങ്ങൾ അടുത്തറിയാനാവുക. എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പിനെ തടയുവാൻ അവക്കൊന്നിനുമായില്ല എന്നതാണ് ഉയിർപ്പു സംഭവത്തിന്റെ ശക്തി.

എമ്മാവൂസിലേക്കു സഞ്ചരിച്ച വഴിയാത്രികർക്ക്, സഹയാത്രികനായി, വചനത്തിന്റെ വഴിവിളക്ക് ഉത്ഥിതൻ തെളിച്ചു കൊടുത്തു. (ലൂക്കോ. 24:30–31). അതിലൂടെ അവരുടെ അകക്കണ്ണ് തുറന്നു. വചന വെളിച്ചത്തിന്റെ ആന്തരീക നാളം അവരിൽ ജ്വലിപ്പിച്ചു.

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സജീവ സാന്നിധ്യത്തെ ദൈനം ദിന ജീവിതത്തിന്റെ സാക്ഷ്യത്തിലൂടെ പുനഃസൃഷ്ടിക്കുവാനും, സജീവത നിലനിറുത്താനും നമുക്ക് കഴിയണം. നിർജീവ സാഹചര്യങ്ങളെയും, നിരാശാജനകമായ അനുഭവങ്ങളെയും രൂപാന്തരപ്പെടുത്തുവാൻ ഉയിർത്തെഴുന്നേറ്റ കർത്താവിനു കഴിയും എന്ന സത്യം നമ്മിലൂടെ ലോകം അറിയണം.

**2. ഉയിർപ്പ്: കാലത്തിന്റെ കാവലാൾക്കു, കല്ലറക്കൽ കാവലിരിക്കുന്ന ലോകത്തിൽ** (V4) **...കാവൽക്കാർ അവനെ കണ്ടു**

കല്ല് ഉരുട്ടി മാറ്റി,സ്ത്രീകൾക്ക് കല്ലറയുടെ അകത്തു പ്രവേശിക്കാനായെങ്കിലും, ആദ്യ കാഴ്ച്ചയിൽ ഭൗതീക ശരീരം കാണാതിരുന്നത്, അവരിൽ ഭയം ഉളവാക്കി. ഉയിർപ്പിന്റെ സന്ദേശം കേൾക്കുന്നത് വരെ ഭയം അവരെ വേട്ടയാടി. അത്ഭുത പരതന്ത്രർ ആയ സ്ത്രീകളോട് മിന്നുന്ന വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ യേശു ഉയർത്തെഴുന്നേറ്റിരിക്കുന്ന വാർത്ത അറിയിക്കുന്നു, ദൈവപുത്രൻ മനുഷ്യ പുത്രനായത് ലോകത്തിനു വേണ്ടി സർവവും നല്കുവാനായിരുന്നു. അതിൽ മരണവും ഉൾപ്പെട്ടിരുന്നു. മരണത്തെ മഹത്തായ ദാനവും, സാധ്യതയുമായി തിരിച്ചറിയുന്നത് ഉയിർപ്പിലൂടെയാണ്. യേശുക്രിസ്തുവിന്റെ ലോകം വ്യാപ്തിപ്പെടുന്നത് ഉയർപ്പിലൂടെയാണ്. മൃതശരീരത്തിൽ അർപ്പിക്കുന്ന സുഗന്ധ വർഗം, സ്നേഹത്തിന്റെ പ്രത്യക്ഷ ഭാവവും പ്രവർത്തിയുമാണ്. നിരുപാധികവും, തിരികെ പ്രതീക്ഷിക്കാത്തതുമായ സ്നേഹത്തിന്റെ സമർപ്പണം പറയാതെ പറയുന്നത് - യഥാർത്ഥ സ്നേഹം മരണത്തോട് അവസാനിക്കുന്നില്ല എന്നതാണ്.

യേശുവിന്റെ വചനത്തോടും, പ്രവർത്തികളോടും വാതിൽ കൊട്ടി അടച്ചവരാണ് അവനെ കൊല്ലുവാൻ തീരുമാനിച്ചത്. എന്നന്നേക്കുമായി യേശുവിനെ നിഷ്കാസനം ചെയുവാൻ-ചരിത്രത്തിൽ നിന്ന് പുറത്താക്കുവാൻ-കണ്ടെത്തിയ വഴിയാണ് കുരിശുമരണം. പക്ഷെ യേശുവിൽ അത് പുതുസാധ്യതയായി മാറി.

ബന്ധങ്ങൾ മുറിച്ചു കളയുന്നതിനും,നിഷേധിക്കുന്നതിനും, പരിമിതപ്പെടുത്തുന്നതിനും മനുഷ്യർ കണ്ടെടുത്ത പ്രതിവിധിയാണ്, കല്ലുരുട്ടി കല്ലറ വാതിൽക്കൽ വെച്ചത്. പോപ്പ് ഫ്രാൻസിസിന്റെ വാക്കുകൾ 'Easter is the feast of tombstones rolled away" 'ഉരുട്ടിക്കളഞ്ഞ ശവകുടീരക്കല്ലുകളുടെ ഉത്സവമാണ് ഈസ്റ്റർ'. പ്രത്യാശയുടെ കിരണം വീണ്ടും ഓരോ ഹൃദയങ്ങളിലും ഉദിച്ചു പൊങ്ങുന്ന ദിവസമാണ് ഈസ്റ്റർ. കാത്തിരുന്നവർക്ക് പുനരുത്ഥാനത്തിലൂടെ പ്രതീക്ഷയുടെ പുതിയ തിരിനാളം പകരുന്ന ദിനം കൂടിയാണ് ഈസ്റ്റർ.

ജീവിതത്തിലെ എല്ലാ പ്രതീക്ഷകളെയും കുഴിച്ചു മൂടേണ്ടി വന്ന ഘട്ടങ്ങൾ നമുക്ക് മുന്നിൽ നേരിടേണ്ടി വന്നിട്ടില്ലേ? സ്വപ്നങ്ങളും, രോഗങ്ങളും, പ്രതിസന്ധികളും, ആകുലതകളും, പ്രലോഭനങ്ങളും ഉണ്ടായിട്ടുള്ളപ്പോൾ നിരാശക്കല്ലുകൾക്കു മുന്നിൽ നിസഹായരായി നിൽക്കേണ്ടി വന്നിട്ടുള്ള നിമിഷങ്ങളിൽ നാം ചോദിക്കും: ഈ കല്ല് ആര് ഉരുട്ടി മാറ്റും? തുറക്കപ്പെടാത്ത കല്ലറകൾക്കു മുൻപിൽ, പുതിയ ചലനവും, പുതിയ ബോധവും ഒരു പുതിയ പ്രത്യാശയും, പുതിയ കാഴ്ചയും, പുതിയ ജീവനും ഒരു പുതിയ ശിഷ്യത്വവും ഒരു പുതിയ ദൈവാനുഭവവും കല്ലറയുടെ ഉള്ളിലുള്ള ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രതീക്ഷയുടെ പ്രതീകമായി ഉയർത്തെഴുന്നേൽപ്പ് വാഗ്ദത്ത നിവർത്തിയിലൂടെ ഭവിപ്പിക്കയാണ്. 'Let us allow hope to be rekindled'. 'പ്രത്യാശ പുനരുജ്ജീവിപ്പിക്കാൻ നമുക്ക് അനുവദിക്കാം'.

**3. ഉയിർപ്പ്: ശൂന്യമായ കല്ലറക്കപ്പുറം, ദീപ്തമായ പ്രത്യാശയുടെ ലോകത്തിൽ** (V 6) ...അവൻ കിടന്ന സ്ഥലം വന്നു കാണ്മിൻ. (V8) ...അവർ വേഗത്തിൽ ഭയത്തോടും മഹാ സന്തോഷത്തോടും കൂടി കല്ലറ വിട്ടു.

പാപപങ്കിലമായ ലോകത്തെ പവിത്രീകരിക്കുന്ന പ്രക്രിയ ആയിരുന്നു ക്രിസ്തുവിന്റെ മരണവും, ഉയിർത്തെഴുന്നേൽപ്പും. സങ്കടക്കണ്ണീരുമായി കല്ലറക്കു അരികിലേക്ക് വന്നവരെ സന്തോഷവും പ്രതീക്ഷയും നൽകി പ്രത്യാശാപൂരിതമാക്കി ദൂതന്മാർ പറഞ്ഞയക്കുകയാണ്. എല്ലാ സങ്കടങ്ങളും, നെടുവീർപ്പും ഇല്ലാതെയായി ആനന്ദാശ്രു പൊഴിക്കുന്ന മുഹൂർത്തമായി ആ നിമിഷം മാറി. നിരാശയുടെ സങ്കടകാലം തീർന്നു പോകയും, നിത്യാനന്ദത്തിന്റെ വസന്തകാലം വന്നെത്തുകയും ചെയ്തത് യേശു കർത്താവിന്റെ ഉയർത്തെഴുന്നേൽപ്പ് സാധ്യമായതിലൂടെയാണ്. രണഭൂമിയെ ദൈവസ്നേഹത്തിന്റെ വിളഭൂമിയാക്കിത്തീർക്കുന്ന ഉയിർത്തെഴുന്നേൽപ്പ്, ഒഴിഞ്ഞ കല്ലറയെ പ്രത്യാശ ഉതിർക്കുന്ന സാധ്യതയാക്കി ക്രിസ്തു രൂപാന്തരപ്പെടുത്തി.

പ്രത്യാശയുടെ പ്രതീകമായി, വിടർന്നു വരുന്ന റോസാപുഷ്പവും, ചിരിക്കുന്ന കുഞ്ഞും, ഉദിച്ചുയരുന്ന സൂര്യനും, പരന്നു വിശാലമായി കിടക്കുന്ന കടലും, ഇടമുറിയാത്ത മഴയും, തളിരണിഞ്ഞു വരുന്ന വൃക്ഷവുമായി കവികൾ വർണ്ണിച്ചിട്ടുണ്ട്. ഇവയെല്ലാം ഇന്നല്ലെങ്കിൽ നാളെ ഇല്ലാതെയാകുന്ന ചില യാഥാർഥ്യം മാത്രമാണ്. വിടരുന്ന പുഷ്പം വാടിയും പിന്നെ കൊഴിഞ്ഞും, ചിരിക്കുന്ന കുഞ്ഞു കരഞ്ഞും, ഉദിക്കുന്ന സൂര്യൻ അസ്തമിച്ചും, വിശാലമായ കടൽ, കരയുടെ അതിരിൽ തട്ടിയും ഇടമുറിയാത്ത മഴ തോർന്നും, തളിരിലകൾ പൊഴിഞ്ഞും രൂപഭാവം മാറുന്നത് നാം കാണുന്നുണ്ട്. അവയൊന്നും നിത്യമായ പ്രത്യാശ നൽകുന്നില്ല എന്ന് നാം മനസ്സിലാക്കുകയും ചെയുന്നു. ഉത്ഥിതനായ ക്രിസ്തു ലോകത്തിന്റെ ശാശ്വതമായ പ്രതീക്ഷ നൽകി മനുഷ്യകുലത്തെ മുന്നോട്ടു നയിക്കുന്നു. പ്രത്യാശയുടെ അതുല്യമായ പ്രതീകം ഉത്ഥിതനായ ക്രിസ്തു ആയതിനാൽ, പ്രത്യാശയുടെ ഏറ്റവും വലിയ ദിനം യേശു ഉയിർത്ത ദിനമാണ്.

പോപ്പ് ഫ്രാൻസിസിന്റെ വാക്കുകൾ 'Easter is the event that brought radical news for every human being, for history and for the world: the triumph of life over death; it is the feast of reawakening and of rebirth. Let us allow our lives to be conquered and transformed by the Resurrection" 'എല്ലാ മനുഷ്യർക്കും, ചരിത്രത്തിനും ലോകത്തിനും സമൂലമായ വാർത്തകൾ കൊണ്ടുവന്ന സംഭവമാണ് ഈസ്റ്റർ. മരണത്തിന് മേൽ ജീവിതത്തിന്റെ വിജയം; അത് പുനരുജ്ജീവനത്തിന്റെയും പുനർജന്മത്തിന്റെയും ഉത്സവമാണ്. പുനരുത്ഥാനത്തിലൂടെ നമ്മുടെ ജീവിതത്തെ കീഴടക്കാനും രൂപാന്തരപ്പെടുത്താനും നമുക്ക് അനുവദിക്കാം."

ഉത്ഥാനം ദൗത്യത്തിനായി നമ്മെ നിർബന്ധിക്കുന്നു. ഉത്ഥാനത്തിന്റെ അടയാളമായ കല്ലറക്കും, അവിടെ ദർശിച്ച ദൂതന്റെ സാന്നിധ്യത്തിനും നടുവിൽ നിൽക്കുന്നതാണ് സുഖം എന്ന് നാം ചിന്തിച്ചു പോകാം. എന്നാൽ ഉത്ഥാനത്തിന്റെ നേർകാഴ്ചയിലൂടെ നേടിയ ബോധ്യം, നമ്മെ കല്ലറയിൽ നിന്നും മനുഷ്യ ഹൃദയങ്ങളിലേക്ക് സഞ്ചരിക്കുവാനും, സംവേദിക്കുവാനും നിർബന്ധിക്കും. ഒഴിഞ്ഞ കല്ലറയുടെ ബോധ്യത്തിൽ നിന്ന് ഉദിച്ചുയരുന്ന ദർശനം നമുക്ക് മുൻപിൽ ദൗത്യയാത്രയുടെ പന്ഥാവ് തെളിച്ചു തരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവെന്ന ആകമാന സുവിശേഷം, ആകമാന ലോകത്തോട് സാക്ഷിക്കുന്നതാണ് സുവിശേഷത്തിന്റെ സവിശേഷമായ ദൗത്യം എന്ന് ഉയിർപ്പു നിർവചിക്കുന്നുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടു മുട്ടിയാൽ, ദൗത്യവാഹകരായി നാം മാറും.

# നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ!

ബ്ലെസ്സൺ എസ്.കെ.
ഏനാത്ത്

'മുമ്പൊരിക്കലും ഇങ്ങനെയൊരു നാശം ഉണ്ടായ ചരിത്രമില്ല. ഇത്ര പെട്ടെന്ന്, ഇത്ര സുന്ദരമായ ഒരു നഗരം, ഇത്ര ഐശ്വര്യപൂർണമായ ഒരു ജനപദം, ഒരു നാൾ സമൃദ്ധിയുടെ പരമ കാഷ്ഠയിൽനിന്ന്, വരും നാൾ തികഞ്ഞ നാശത്തിലേക്ക് പതിക്കുക! നിഷ്ഠൂരമായ നരഹത്യയുടെയും കൊള്ളയടിയുടെയും രംഗങ്ങൾ വിവരിക്കാൻ വാക്കുകളില്ല.'

റോബർട്ട് സെവെൽ 'ഫോർഗോട്ടൻ എംപയർ' എന്ന പുസ്തകത്തിൽ വിജയനഗരത്തിന്റെ അവസാനത്തെ കുറിക്കുന്നത് ഇങ്ങനെയാണ്. 'രണ്ട് യുദ്ധങ്ങൾക്ക് ഇടയിലോ പോരാട്ടങ്ങൾക്കൊടുവിലോ ആണ് സമാധാനം, എന്ന അപക്വമായ ചിന്ത പലപ്പോഴും നമ്മെ ഭരിക്കാറുണ്ട് സമാധാനത്തിനു വേണ്ടി യുദ്ധം ചെയ്യുക എന്നതിൽ പരം വലിയ മണ്ടത്തരം മറ്റെന്താണുള്ളത്?' ചോരയുടെ ചരിത്രം പറയുന്ന യുദ്ധങ്ങൾ സംരക്ഷണവാദവും സംഘർഷങ്ങളും നിറഞ്ഞ വർത്തമാനകാല ലോകരാഷ്ട്രീയത്തിന് ഓർമ്മപ്പെടുത്തലുകൾ മാത്രമല്ല, ചില മുന്നറിയിപ്പുകൾ കൂടി നൽകുന്നുണ്ട്. സത്യവേദപുസ്തക ചരിത്രത്തിൽ സ്വാർത്ഥബോധത്താൽ സഹോദരനെ സംഹരിച്ച കയീൻ മുതൽ ഭ്രാതൃഹത്യകളുടെ ഏറ്റവും ദയനീയമായ യുദ്ധകാഹളങ്ങൾ പിന്നീടും തുടർന്നുകൊണ്ടേയിരിന്നു. ഹിരോഷിമയിലും നാഗസാക്കിയിലും സംഭവിച്ചത് നമ്മുടെ മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല. രണ്ട് ലോകമഹായുദ്ധങ്ങളും അതിന്റെ പ്രത്യാഘാതങ്ങളും നാം അനുഭവിച്ചറിഞ്ഞു. തിരമാലകൾ തലോടുന്ന ഐലൻ കുർദി എന്ന ബാലന്റെ ചേതനയറ്റ ശരീരം നമ്മുക്കു അത്ര പെട്ടെന്ന്

> “
> തിരമാലകൾ തലോടുന്ന ഐലൻ കുർദി എന്ന ബാലന്റെ ചേതനയറ്റ ശരീരം നമ്മുക്കു അത്ര പെട്ടെന്ന് മറക്കാനാകില്ല, മനുഷ്യനിലുള്ള പ്രതീക്ഷകളെ മുഴുവൻ ഉച്ചാടനം ചെയ്യാൻ പോന്നത്രയും ദാരുണമായിരുന്നു ഇവയെല്ലാം. അഭ്യന്തര കലാപങ്ങളും യുദ്ധങ്ങളും നമ്മുടെ കണ്ണുകൾക്ക് മുന്നിൽ തുറന്നിട്ട വേദനിപ്പിക്കുന്ന, തുരുമ്പിക്കാത്ത ഓർമ്മകൾ വേറെയുമുണ്ട്.





മറക്കാനാകില്ല, മനുഷ്യനിലുള്ള പ്രതീക്ഷകളെ മുഴുവൻ ഉച്ചാടനം ചെയ്യാൻ പോന്നത്രയും ദാരുണമായിരുന്നു ഇവയെല്ലാം. അഭ്യന്തര കലാപങ്ങളും യുദ്ധങ്ങളും നമ്മുടെ കണ്ണുകൾക്ക് മുന്നിൽ തുറന്നിട്ട വേദനിപ്പിക്കുന്ന, തുരുമ്പിക്കാത്ത ഓർമ്മകൾ വേറെയുമുണ്ട്. ഇന്നുവരെ ഒരു യുദ്ധവും ആത്യന്തികമായി വിജയം കൈവരിച്ചിട്ടില്ല, കാരണം യുദ്ധാനന്തരം ലാഭകണക്കുകളിൽ ബാക്കിയാകുന്നത് പൊലിഞ്ഞ ജീവിതങ്ങളാണ്, ചിറകറ്റുപോയ സ്വപ്നങ്ങളാണ്, ജഡം കാത്തുകിടക്കുന്ന ശവക്കുഴികളാണ് കൂട്ടപ്പലായനങ്ങൾ, കൂട്ടമരണങ്ങൾ, ജനിതക രോഗവ്യാപനം, അനാഥത്വം, അംഗവൈകല്യം, ഭക്ഷ്യക്ഷാമം, സമ്പത്തിന്റെയും ജീവനോപാധികളുടെയും കൂട്ടനാശം, അഭയാർഥി ക്യാംപുകൾ, പിറന്ന മണ്ണിനേയും പ്രിയപ്പെട്ടവരെയും ഉപേക്ഷിച്ച് പ്രാണരക്ഷാർഥം അതിർത്തികൾ ഭേദിച്ച് അഭയം തേടി അലയുന്ന മനുഷ്യരുടെ നിസ്സഹായതയും ദയനീയതയും ഓരോ യുദ്ധങ്ങളുടെയും ബാക്കിപത്രങ്ങളാണ്. ഭൂമിയെയും അതിന്റെ സ്രോതസ്സുകളെയും, ജീവിതത്തെയും അതിന്റെ നൈസർഗിക സൗന്ദര്യത്തെയും ഇല്ലായ്മ ചെയ്യുന്നതാണ് യുദ്ധവും യുദ്ധഭീഷണിയും. ഓരോ യുദ്ധസങ്കല്പത്തിലും അപ്രതീക്ഷിതമായ അപ്പോക്കാലിപ്സ് അപകടസാധ്യതകളുണ്ട്.

യുദ്ധം എന്ന സമസ്യ രണ്ട് ശത്രു രാജ്യങ്ങൾക്കിടയിലെ പോർവിളി ആകണമെന്നില്ല. മാനവികത ഇല്ലാത്ത മതബോധ്യങ്ങളും, രാഷ്ട്രീയബോധങ്ങളും ദേശീയതയും അവയിലേക്കുള്ള വിശാലമായ വീഥികളാണ്. ആയത് നമ്മിലെ സ്വാർത്ഥമായ സ്വത്വബോധത്തിനുള്ളിലാണ്. കൃത്യമായി പറഞ്ഞാൽ



എന്റെ ഉള്ളിലെ 'ഞാൻ മാത്രം' എന്ന ബോധത്തിൽ, അപരന്റെ ഉള്ളിലെ ആകാശത്തിനു അതിർവരമ്പുകൾ നിശ്ചയിക്കപ്പെട്ടുമ്പോഴാണ് ഓരോ യുദ്ധങ്ങളും ആരംഭിക്കുന്നത്.

നമ്മുടെ ആലയങ്ങളിലും ആരാധനകളിലും നിലനിൽക്കുന്ന സവർണ-അവർണ,സ്ത്രീ-പുരുഷ, ദരിദ്ര-അഭിവൃത്യ വിവേചന ചേതോഗതങ്ങളെല്ലാം ഒരു യുദ്ധത്താൽ അവശേഷിപ്പിക്കപ്പെടുന്ന ജീർണതകളുടെ പ്രതിഫലനങ്ങളാണ്. നിങ്ങൾക്ക് 'എല്ലാവർക്കും' സമാധാനമുണ്ടാക്കട്ടെ എന്ന ആഹ്വാനം നമ്മെ ഓർമ്മിപ്പിക്കുന്നത് മനുഷ്യനിലുണ്ടാകേണ്ടുന്ന അപരോൻമുഖതയുടെ ആവശ്യകതയും സമാധാനപരമായ സഹവർത്തിത്വത്തിന്റെ അനിവാര്യതയുമാണ്.

അടുത്ത ലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ,പഠനങ്ങൾ,കഥകൾ കവിതകൾ,പരസ്യങ്ങൾ,കാര്യപരിപാടികൾ,വ്യക്തിഗതനേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മറ്റിയുടെ അനുമതിക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും. 2022 മെയ് 20 നു മുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം.

**2022 ജൂലൈ – സെപ്റ്റംബർ**

**വിഷയം: സ്വാതന്ത്ര്യത്തിന്റെ വാഹകർ**

കൂടുതൽ വിവരങ്ങൾക്ക്:

**റവ. ജോൺ മാത്യു (8281211502) എഡിറ്റർ**

**ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691 523**

E-mail: hermondoothan@gmail.com, johnmathewachen@yahoo.co.in

# അനുസ്മരണം



## റവ. വൈ. മത്തായി

മാർത്തോമ്മാ സഭയുടെ സീനിയർ വൈദികനും എലിക്കാട്ടൂർ സീയോൻ മാർത്തോമ്മാ ഇടവകാംഗവുമായ റവ. വൈ. മത്തായി കർത്താവിൽ നിദ്ര പ്രാപിച്ചു. 1947 ഏപ്രിൽ 18ന് ജനിച്ച അച്ചൻ 1977 ഏപ്രിൽ 22ന് ശെമ്മാശനായും 1977 മെയ് 14ന് കശ്ശീശായായും പട്ടം കെട്ടപ്പെട്ടു.

2012 ഏപ്രിലിൽ സജീവ സേവനത്തിൽ നിന്നും വിരമിച്ച ശേഷം എലിക്കാട്ടൂരിൽ സ്വഭവനത്തിൽ താമസിച്ച് ഇടവകയുടെ ശുശ്രൂഷകളിൽ സജീവമായിരുന്നു. തന്റെ ശുശ്രൂഷാകാലയളവിൽ പ്രവർത്തിച്ചിരുന്ന ഇടവകകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അച്ചന് സാധിച്ചു. സൗമ്യനും കർമ്മനിരതനും ആയിരുന്നു അച്ചൻ. പ്രശ്നസങ്കീർണമായ സാഹചര്യങ്ങളെ തന്മയത്വത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് അനുകരണാർഹമാണ്. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയാതിരിക്കുക എന്ന ക്രിസ്തു വാക്യം ജീവിതത്തിൽ അനുവർത്തിച്ച അച്ചൻ അനേകർക്ക് ആശ്വാസമായിരുന്നു.

കേളകം, അറബി, നെല്ലിക്കുന്നം, വിലങ്ങറ, ഇളമ്പൽ, റായ്പ്പൂർ, കരവാളൂർ, തെള്ളിയൂർ, വാലാങ്കര, കീഴ്‌വായ്പ്പൂർ, കാപ്പിൽ, തേവലക്കര, കരുവാറ്റ, ചന്ദനക്കാവ്, രാജ്ക്കോട്ട്, മൈലാടുംപാറ എന്നീ സ്ഥലങ്ങളിലെ മാർത്തോമ്മാ ഇടവകകളിൽ അച്ചൻ ശുശ്രൂഷ ചെയ്തു.

സംസ്ക്കാര ശുശ്രൂഷകൾ 2022 മാർച്ച് 9,10 തീയതികളിൽ സ്വഭവനത്തിലും എലിക്കാട്ടൂർ സീയോൻ മാർത്തോമ്മാ ഇടവകയിലും നടത്തപ്പെട്ടു.അഭിവന്ദ്യരായ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, തോമസ് മാർ തീമൊഥെയോസ് എപ്പിസ്കോപ്പ, ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ, ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ എന്നീ തിരുമേനിമാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ശ്രീമതി. മറിയാമ്മ മത്തായി സഹധർമ്മിണിയും,സോഫിയ, സോണിയ, ജെറിൻ എന്നിവർ മക്കളുമാണ്.

---

## ഇവാ. സന്തോഷ് ജോർജ് (45)



തുവയൂർ സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകാംഗമായ ഇവാ.സന്തോഷ് ജോർജ് കൊമ്പാടി ബൈബിൾ കോളേജിലെ പഠനത്തിന് ശേഷം പാലക്കാട് നെല്ലിയാമ്പതിയിലും ശേഷം ആൻഡമാൻസിലും, കർണ്ണാടകയിലും സുവിശേഷകനായി പ്രവർത്തിച്ചു. കേരളത്തിൽ നിരണം-മാരാമൺ ഭദ്രാസന സുവിശേഷകനായി, ആലപ്പുഴയിൽ ചേന്നങ്കേരി ബഥനി, ചേന്നങ്കേരി സെന്റ് പോൾസ് എന്നീ ഇടവകകളിൽ കർത്താവിന്റെ ശുശ്രൂഷകളിൽ അവസാന കാലങ്ങളിൽ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചുകൊണ്ടിരുന്നു. മാർത്തോമ്മാ സഭയുടെ ഈ തലമുറയുടെ അനുഗ്രഹിക്കപ്പെട്ട ഒരു കൺവൻഷൻ പ്രസംഗകൻ ആയിരുന്നു. കൂടാതെ ക്രിസ്തീയ ഗാനരചയിതാവും ഗായകനും ആയിരുന്നു. സൽസ്വഭാവിയും, മനുഷ്യസ്നേഹിയും, മറ്റുള്ളവരുടെ ദുഃഖത്തിൽ പങ്കാളിയും സഹായിയുമായിരുന്നു. പ്രാർത്ഥനയിലൂടെയും പുഞ്ചിരിയോടു കൂടിയും പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പ്രളയകാലത്ത് ആലപ്പുഴയുടെ മണ്ണിൽ അദ്ദേഹം നൽകിയ സേവനം ഗവൺമെന്റ് തലം വരെയും ആദരിച്ചു. 2022 മാർച്ച് മാസം 9-ാം തീയതി വൈകുന്നേരം ചേന്നങ്കേരി ബഥനി ഇടവകയിലെ ഭവന പ്രാർത്ഥനയിൽ സംബന്ധിക്കുമ്പോൾ പെട്ടെന്ന് ഒരു അസ്വസ്ഥത അനുഭവപ്പെട്ട അദ്ദേഹത്തെ പരുമല ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, വൈകിട്ട് 7 മണിയോടുകൂടി ഹൃദയാഘാതത്തെ തുടർന്ന് ദൈവസന്നിധിയിലേക്ക് പ്രവേശിക്കുകയും ചെയ്തു. 2022 മാർച്ച് 12-ാം തീയതി അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ശവസംസ്കാര ശുശ്രൂഷ നടത്തുകയും ചെയ്തു. ഭാര്യ :- മേഴ്സി ജോൺസൻ (അടൂർ സ്വദേശി) മക്കൾ:- സ്നേഹ, സെലിൻ, ജെറിൻ.

---



## ഇവാ. റ്റി.എം. കോശി

ദീർഘകാലം മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിലെ സുവിശേഷകൻ, സംഘം മാനേജിംഗ് കമ്മറ്റി അംഗം, സന്നദ്ധ സുവിശേഷക സംഘം വൈസ് പ്രസിഡന്റ്, A.M.M. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് അദ്ധ്യാപകൻ, വൈദീക സെലക്ഷൻ ബോർഡ് അംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ച ബഹു. റ്റി.എം. കോശി ഉപദേശി (കന്നേൽ കൃപാ ഭവനം, കറ്റാനം) 2022 ജനുവരി 31 ന് കർത്ത്യ സന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ഫെബ്രുവരി 1 ന് കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു. ഇടവകയുടെയും സെന്റ് തോമസ് മാർത്തോമ്മാ ചാരിറ്റബിൾ ട്രസ്റ്റിന്റെയും വിവിധ ചുമതലകളും അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. ധന്യമായ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കുന്നു.



ഏനാത്ത് സെന്റ്റർ സൺഡേസ്കൂൾ ആരാധനാ നേതൃത്വ പരിശീലന ക്യാമ്പ്






ഭദ്രാസന കുടുംബസംഗമം 2022



ഭദ്രാസന കൺവൻഷൻ2022



ഭദ്രാസന കൺവൻഷൻ ഗായകസംഘം







ഭദ്രാസന യുവജന സഖ്യം കലാമേള ഉദ്ഘാടനം



**പന്തളം മാർത്തോമ്മാ ഇടവകയിൽ ആദ്യ കുർബ്ബാന സ്വീകരിച്ചവർ**



**അങ്ങാടിക്കൽ ശാലേം മാർത്തോമ്മാ ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരിച്ചവർ**



**തഴവ മാർത്തോമ്മാ ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരിച്ചവർ**



**കൊല്ലക സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ ആദ്യ കുർബ്ബാന സ്വീകരിച്ചവർ**




അതിരുങ്കൽ ശാലേം മാർത്തോമ്മാ ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരിച്ചവർ



പുതുശ്ശേരിഭാഗം ബെഥേൽ മാർത്തോമ്മാ ഇടവകാംഗമായ ഗ്രേസിന്റെ ഭവനത്തിന്റെ
ശിലാസ്ഥാപനം അഭിവന്ദ്യ തിരുമേനി നിർവഹിക്കുന്നു.




ഭദ്രാസന യുവജന സഖ്യം നോമ്പ് നമസ്കാരം



കേരള മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ 'കേരളത്തെ മദ്യത്തിൽ മുക്കുന്ന സർക്കാർ നയം തിരുത്തുക' എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് 2022 മാർച്ച് 15–ാം തീയതി തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുൻപിൽ നടത്തിയ മാർച്ചും ധർണയും...




ആശാഭവൻ കുടുംബം



തറയിൽകടവ് മിഷനുവേണ്ടി പുതുതായി ലഭിച്ച വാഹനം



കൊല്ലക സെന്റ് തോമസ് മാർത്തോമ്മാ ഇടവക ശതാബ്ദി സമ്മേളനം



# മാറ്റൊലികളുടെ ഗത്സമന



**ചാക്കോ വർഗ്ഗീസ്**
സെന്റ് തോമസ് മാർത്തോമ്മാ, കറ്റാനം

ക്രിസ്തുവിന്റെ പീഡാനുഭവം കേവലമൊരു ഓർമ്മ മാത്രമല്ല. ജീവിതത്തിൽ പിന്തുടരേണ്ട മാതൃക കൂടിയാണ്. ഗത്സമന തോട്ടത്തിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തു ബന്ധിതനായിത്തീരുന്നത്. പെസഹാ ഭക്ഷിച്ച് ശിഷ്യന്മാരുമായി സംസാരിക്കുവാനും, പ്രാർത്ഥിക്കാനുമായി സമയം ചിലവഴിക്കുവാൻ ഗത്സമനയിലേക്ക് കടന്നുവന്ന ക്രിസ്തുവിന് പിന്നീട് നേരിടേണ്ടി വന്നത് സഹനവും കഷ്ടതയുമാണ്.

യേശുക്രിസ്തു ക്രൂശുമരണത്തിന്റെ തലേദിവസം അനുഭവിച്ച ആത്മസംഘർഷങ്ങളുടെയും സഹനത്തിന്റെയും, പിതാവാം ദൈവത്തോടുള്ള ഹൃദയം നുറുങ്ങിയ പ്രാർത്ഥനയുടെയും, ശിഷ്യന്റെ ചതിവാർന്ന ചുംബനത്തിന്റെയും നേർസാക്ഷ്യമാണ് ഗത്സമന. എന്നാലും ബലഹീന ജഡത്തെ ബലപ്പെടുത്തുവാൻ തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്ന ഇടം കൂടിയായിരുന്നു അത്. (വി.മത്താ. 26-41).

പിതാവിന്റെ ഹിതം നിറവേറ്റുവാനുള്ള കരുത്ത് കണ്ടെത്തുന്നതിനും ഈ ഗത്സമന ഭാഗമാകുന്നുണ്ട്. ഒറ്റിക്കൊടുക്കുവാൻ വന്ന ശിഷ്യന്റെ ഹൃദയമിടിപ്പും ഗുരുവിന്റെ നിലപാടും തമ്മിലുള്ള ആത്മസംഘർഷത്തിന്റെ മാറ്റൊലികളുടെ സംഗമഭൂമി കൂടിയാണിത്. ഒരു സന്ധ്യക്ക് ഗത്സമനയിൽ നിന്നുമാരംഭിച്ച് അടുത്ത സന്ധ്യക്ക് അരിമഥ്യയിലെ കല്ലറയിലേക്കുള്ള യാത്ര ആകസ്മികമല്ലായിരുന്നു. പിതാവാം ദൈവത്തിന്റെ മുൻ നിശ്ചയപ്രകാരം തന്നെയാണ്. ഗത്സമന വീണ്ടെടുപ്പിന്റെ യാത്രക്കായി കർത്താവിനെ ഒരുക്കിയ മനോഹരമായ ഇടമാണ്.

പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കുമ്പോൾ വികാരത്തെ മാറ്റി നിർത്തി ശരിയായ മനോഭാവത്തിനും, സമീപനത്തിനും ശാന്തത ആവശ്യമാണ്. അതുകൊണ്ടുതന്നെയാണ് അത്താഴം കഴിഞ്ഞശേഷം ശിഷ്യന്മാരുമായി പ്രാർത്ഥിക്കുവാൻ കർത്താവ് ഗത്സമനയിലേക്ക് കടന്നുവന്നത്.

പിതാവാം ദൈവവുമായി സംവേദിക്കുവാനും പ്രാർത്ഥിക്കുവാനും പുത്രൻ തമ്പുരാൻ കണ്ടെത്തിയ ഭക്തിയുടെ സുരക്ഷിത ഇടം ഗത്സമനയിൽ ഉണ്ടായിരുന്നു. ഗുരുനാഥൻ പ്രയാസമനുഭവിച്ച സന്ദർഭത്തിലാണ് തന്റെ പ്രിയ ശിഷ്യന്മാരായ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും ചേർത്ത് പിടിച്ച് തന്നോടൊപ്പം കൂട്ടിക്കൊണ്ടു വന്നത്. അവർ കൂടെയുണ്ടായിട്ടും ക്രിസ്തു തനിയെ മാറി ഇരുന്ന് പ്രാർത്ഥിക്കുന്നുണ്ട്. എത്ര നല്ല സ്നേഹിത വലയങ്ങളുണ്ടെങ്കിലും, ദൈവശബ്ദവും നേതൃത്വവും ശരിയായി തിരിച്ചറിയണമെങ്കിൽ തനിയെ മാറിയുള്ള പ്രാർത്ഥന ആവശ്യമെന്ന് ഗത്സമനയുടെ പശ്ചാത്തലം നമ്മെ വിളിച്ചറിയിക്കുന്നു. കൊലക്കളത്തിലേക്ക് നയിക്കപ്പെടുന്ന കുഞ്ഞാട് വാക്കുരിയാടാറില്ല. പക്ഷേ പുതിയ നിയമത്തിലെ യഥാർത്ഥ പെസഹാക്കുഞ്ഞാട് ഇതാ തന്റെ പിതാവ് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പദ്ധതിപ്രകാരം, ആത്മയാഗത്തിന്റെ അവർണ്ണനീയ സഹനങ്ങളിലേക്ക് സ്തോത്ര ഗാനാലാപത്തോടെ കടന്നുപോകുന്നു. (മർക്കൊ. 14:26)

ഏദെൻതോട്ടത്തിൽ ആദാമും, ഹവ്വായും പ്രലോഭനത്തിന്റെ ഇരകളാകുന്നുണ്ട്. ക്രിസ്തുനാഥൻ ഗത്സമനയിൽ ദൈവഹിതത്തിനായുള്ള കരുത്താർജ്ജിക്കുകയും തന്റെ ലക്ഷ്യമായ ക്രൂശിന് സ്വയം തയ്യാറാകുവാൻ പ്രലോഭനങ്ങളെയും സംഘർഷങ്ങളെയും പിൻതള്ളാനുള്ള ഇടമായും തോട്ടത്തെ കണ്ടിരുന്നു. ഗത്സമെനയിൽ പ്രാർത്ഥിച്ചിരുന്ന ക്രിസ്തുവിൽ രക്തം വിയർപ്പുതുള്ളിപോലെ ഒഴുകിയെന്ന് വിശുദ്ധ ലൂക്കോസ് സാക്ഷിക്കുന്നു. മാറ്റൊലി ഉയരുന്ന ഗത്സമന വിചിന്തനത്തിന്റെ ശബ്ദം കൂടിയാണ്.



# കെ-റെയിൽ

കണ്ണംകോട് സെന്റർ യുവജനസഖ്യാംഗങ്ങൾ വസ്തുവും വീടും നഷ്ടപ്പെടുന്നവരെ സന്ദർശിച്ച് അവരുടെ ആശങ്കകൾ തിരിച്ചറിഞ്ഞ് തയ്യാറാക്കിയ ലേഖനം.

"

"നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്." ഒരു വശത്ത് വികസനം മാത്രം ലക്ഷ്യമിട്ട് മുൻപോട്ട് നീങ്ങുമ്പോൾ പ്രകൃതിക്കും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും എന്തിന് ഭൂപ്രകൃതിക്കുപോലും ഉണ്ടാകുന്ന ദുരിതങ്ങളും നാശങ്ങളും സർക്കാരും ഭരണകർത്താക്കളും വിസ്മരിക്കുന്നു.

കേരളത്തിന്റെ വികസന ചരിത്രത്തിൽ നാളെ ഏതെങ്കിലുമൊരു തരത്തിൽ അടയാളപ്പെടുത്താൻ പോകുന്ന എഴുതപ്പെടാൻ പോകുന്ന ബൃഹത്തായൊരു പദ്ധതിയാണ് കെ-റെയിൽ അഥവാ സിൽവർ ലൈൻ എന്നതിൽ തർക്കമില്ല. പക്ഷേ അത് ഏത് രീതിയിലാകും വായിക്കപ്പെടുക എന്ന കാര്യത്തിൽ ഇപ്പോഴും സംശയങ്ങൾ നിലനിൽക്കുന്നു. അതിന് പല കാരണങ്ങളുമുണ്ടുതാനും. എന്താണ് കെ-റെയിൽ? എന്തിനാണ് കെ-റെയിൽ? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഈ പദ്ധതിയുടെ നിലനിൽപ്പും ആവശ്യകതയും. അവയാണ് പരിശോധിക്കേണ്ടതും.

**എന്താണ് കെ – റെയിൽ?**

കേന്ദ്ര സർക്കാരിന്റെ സിൽവർ ലൈൻ പ്രൊജക്ടിന്റെ ഭാഗമായ സെമി ഹൈസ്പീഡ് കോറിഡോർ പദ്ധതിയാണ് കെ-റെയിൽ എന്ന് പേരിട്ടിരിക്കുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 529 കിലോമീറ്ററിൽ പുതിയ ഒരു സ്റ്റാൻഡേർഡ് ഗേജ് ലൈൻ നിർമ്മിച്ച് അതിലൂടെ ശരാശരി 200 കിലോമീറ്റർ വേഗതയിൽ സെമി ഹൈസ്പീഡ് ട്രെയിൻ ഓടിക്കാനുള്ള സംവിധാനമൊരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കേരള സർക്കാരും ഇന്ത്യൻ റെയിൽവെയും സംയുക്തമായി, രൂപീകരിച്ച "കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ" എന്ന കമ്പനിയാണ് കെ റെയിൽ പദ്ധതിയുടെ നടത്തിപ്പുകാരും ഉടമസ്ഥന്മാരും. പദ്ധതി യാഥാർത്ഥ്യമായാൽ കാസർഗോഡ് നിന്ന് തിരുവനന്തപുരം വരെ യാത്ര കേവലം 4 മണിക്കൂറിനുള്ളിൽ നടത്താമെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. ഏകദേശം

11 സ്റ്റേഷനുകളാണ് ഈ കോറിഡോറിനുള്ളത് (തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, കൊച്ചി എയർപോർട്ട്, തൃശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്). കൊച്ചി വിമാനത്താവളം കേന്ദ്രീകരിച്ചും സ്റ്റോപ്പുണ്ടാകും. 20 മിനിറ്റ് ഇടവേളകളിൽ കടന്നു പോകുന്ന ട്രെയിൻ സർവ്വീസിൽ ഏകദേശം 675 പേർക്ക് സഞ്ചരിക്കാവുന്ന 2 ക്ലാസ്സുകളുള്ള ഇ.എം.യു. ട്രെയിനുകളാണ് ഇതിലൂടെ ഓടുക.

### എന്തിനാണ് കെ – റെയിൽ?

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള യാത്ര 4 മണിക്കൂറായി ചുരുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. തിരുവനന്തുപുരം മുതൽ കാസർഗോഡ് വരെയുള്ള യാത്രയ്ക്കായി ഇപ്പോൾ ട്രെയിനുകൾ 12 മണിക്കൂറാണ് എടുക്കുന്നത്. നിലവിലെ റെയിൽവെ ലൈനിൽ ഇതിൽ കൂടുതൽ വേഗത സ്വീകരിക്കാൻ പരിമിതികളുമുണ്ട്. കേരളത്തിന്റെ രണ്ടറ്റങ്ങളെ തമ്മിൽ മൂന്നര നാല് മണിക്കൂറിനുള്ളിൽ കൂട്ടിമുട്ടിക്കാൻ കഴിയും എന്നതാണ് മുഖ്യ ആകർഷം. ഇതിനോടൊപ്പം പ്രത്യക്ഷമായും പരോക്ഷമായും കുറഞ്ഞത് 50,000 തൊഴിലവസരമെങ്കിലും സൃഷ്ടിക്കാമെന്നും സർക്കാർ പറയുന്നു.

കേരളത്തിലെ ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ ദേശീയ പാതകളുടെയും അതിവേഗ എക്സ്പ്രസ് ഹൈവേകളുടെയും കാര്യത്തിൽ പരിമിതികളുണ്ട്. അതിനാലാണ് കെ -റെയിൽ പോലെയൊരു സംവിധാനം ബദലായി അവതരിപ്പിക്കുന്നത്. എന്നാൽ പദ്ധതിയുടെ സാമ്പത്തിക ചിലവുകളും ഭാവിയിൽ ഉയർന്നേക്കാവുന്ന വെല്ലുവിളികളും സർക്കാർ എത്രത്തോളം പരിഗണിച്ചിട്ടുണ്ടെന്നത് ചർച്ച ചെയ്യേണ്ട വിഷയമാണ്.

### പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളികൾ

1222.45 ഹെക്ടർ ഭൂമി ഈ പദ്ധതിക്ക് വേണ്ടിവരും. ഇതിലെ മൃഗീയഭാഗവും (1074.19 ഹെക്ടർ) സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. 107.98 ഹെക്ടർ സർക്കാർ ഭൂമിയും റെയിൽവെയുടെ കൈവശമുള്ള 44.28 ഹെക്ടറും പദ്ധതിക്കായി വേണ്ടിവരും.

പദ്ധതിക്കാവശ്യമായ ആകെ ചിലവ് ഏകദേശം 93,9841 കോടി രൂപയാണ്. എന്നാൽ നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം 1.26 ലക്ഷം കോടി രൂപയാണ് ചിലവ് വരുന്നത്. ഇതിനായി വിദേശ ബാങ്കുകളെ ആശ്രയിക്കേണ്ടതായി വരുന്നു. ഇത് കോവിഡാനന്തര കേരളത്തിന് ഒരു വെല്ലുവിളിയായി ത്തീരും. മലനാട് (48%), ഇടനാട് 42%), തീരപ്രദേശം (10%) എന്നിങ്ങനെ അറബിക്കടലിലേക്ക് ചരിഞ്ഞുള്ള ഭൂമിശാസ്ത്രമാണ് കേരളത്തിന്റേത്. 30 മീറ്റർ വീതിയും 8 മീറ്റർ ഉയരവുമുള്ള കോൺക്രീറ്റ് മതിലുകളുമാണ് കെ-റെയിലിനായി വേണ്ടത്. മാത്രമല്ല എംപാക്മെന്റ് എന്ന രീതിയിലാണ് പാത നിർമ്മാണം. ഇതിനായി ധാരാളം പ്രകൃതിവിഭവങ്ങളുടെ ആവശ്യകതയുമുണ്ട്. എന്നാൽ ഇതിലൊരു കൃത്യതയും ചുമതലയുള്ളവർ നൽകുന്നുമില്ല.

ഏതൊരു പദ്ധതി വരുമ്പോഴും അതിന്റെ എല്ലാ വശങ്ങളുടെയും കൃത്യമായ പഠനം അത്യന്താപേക്ഷിതമാണ്. പ്രധാനമായും EIA (Enviornment Impact Assessment) പരിസ്ഥിതി ആഘാത പഠനത്തിന്റെ പങ്ക് വളരെ വലുതാണ്. എന്നാൽ കെ-റെയിലിന്റെ



**കെ റെയിൽ പഠനസംഘം**

**ഡോണ ഗ്രേസ് തോമസ്, ക്രിസ്റ്റി മേരി ബാബു, ലിനു കെ.വൈ., സുബിൻ തങ്കൻ, സ്റ്റെഫി കെ. ജോർജ്ജ്**

കാര്യത്തിൽ Rapid EIA ആണ് നടത്തിയിട്ടുള്ളത്. ഇത് തികച്ചും പരാജയമാണ്. പ്രളയാനന്തര കേരളത്തിന്റെ ഭൂപ്രകൃതി പരിസ്ഥിതി ലോലമാണ്.

സിംഹഭാഗവും ഗ്രാമീണമേഖലയിലൂടെ പോകുന്ന ഈ പദ്ധതി പ്രകൃതിയേയും സസ്യ-ജന്തു-ജീവജാലങ്ങളിലേൽപ്പിക്കുന്ന വിള്ളലുകൾ വിവരണാതീതമാണ്. കേരളത്തെ നെടുകെ പിളരുന്ന ഈ പദ്ധതി നമ്മുടെ നെൽവയലുകളെ, നമ്മുടെ കണ്ടൽച്ചെടികളെ, നമ്മുടെ സസസ്യജന്തുജാലങ്ങളെയൊക്കെ പൂർണ്ണമായും തുടച്ചുനീക്കും. ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തും. കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ഒരുപറ്റം മനുഷ്യരുടെ 'നാളെ'യെ കൊട്ടിയടയ്ക്കുകയാണ് ഇതിലൂടെ.

നെൽവയലുകൾ തണ്ണീർത്തടങ്ങൾ കുന്നുകൾ എന്നിവയൊക്കെയും മാഞ്ഞുപോകും. ഇതിന്റെയൊക്കെ അനന്തരഫലം നമ്മുടെ ചിന്തകൾക്കൊക്കെ ഒരു പാടൊരുപാട് അകലെയാണ്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ തുടങ്ങുന്നതോടെ കുടിയിറക്കപ്പെടുന്നവരുടെ എണ്ണം ലക്ഷക്കണക്കിന് വരും. 20,000 കുടുംബങ്ങൾക്കായി ആകെ 11,537 കോടി രൂപ മാത്രമാണ് നഷ്ടപരിഹാരമായി നീക്കിയിട്ടുള്ളത്. ഈ ബൃഹദ്പദ്ധതികൊണ്ടുള്ള നേട്ടം ഒരു ന്യൂനപക്ഷത്തിനും അതിന്റെ പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങളെല്ലാം അനുഭവിക്കുന്നത് ഭൂരിപക്ഷ സാധാരണ ജനവിഭാഗവുമാണ് മാത്രമാണ്. പാരിസ്ഥിതിക പഠനത്തിനൊപ്പം പ്രധാനമാണ് സാമൂഹികാഘാത പഠനവും (Social Impact Assessment).

ഒരു വ്യക്തിയുടെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. ഈ വൻകിടപദ്ധതി വരുന്നതോടെ വീടില്ലാതാകുകയും മണ്ണില്ലാതാകുകയും ചെയ്യുന്ന മനുഷ്യരുടെ പുനരധിവാസത്തെപ്പറ്റിയൊന്നും ഭരണകൂടമോ പദ്ധതിയുടെ നടത്തിപ്പുകാരോ കൃത്യമായതോ ഉറപ്പായതോ ആയ ഒന്നും തന്നെ മുന്നോട്ടു വയ്ക്കുന്നില്ല. ഇതുതന്നെയാണ് സർക്കാർ അവകാശപ്പെടുന്ന സ്വപ്നപദ്ധതിയെ അമ്പേ പരാജയത്തിലേക്കെത്തിക്കുന്നതും. കെ-റെയിൽ രൂപം കൊള്ളുന്നതോടെ അതിന്റെ സമീപമുള്ള ഭൂമിക്ക് വിലയിടിവ് ഉണ്ടാവുന്നു. ഒരുപാട് സ്വപ്നങ്ങൾകൊണ്ട് പടുത്തുയർത്തിയ വീടുകൾ നഷ്ടമാകുന്നു. കൂടെ പാവപ്പെട്ടവന്റെ സ്വപ്നങ്ങളും.

പ്രിയപ്പെട്ട എഴുത്തുകാരൻ ബെന്യാമീന്റെ ആടുജീവിതം എന്ന നോവലിൽ പറയുംപോലെ "നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്." ഒരു വശത്ത് വികസനം മാത്രം ലക്ഷ്യമിട്ട് മുൻപോട്ട് നീങ്ങുമ്പോൾ പ്രകൃതിക്കും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും എന്തിന്




ഭൂപ്രകൃതിക്കുപോലും ഉണ്ടാകുന്ന ദുരിതങ്ങളും നാശങ്ങളും സർക്കാരും ഭരണകർത്താക്കളും വിസ്മരിക്കുന്നു. ഈ പദ്ധതിമൂലം അനേകർക്ക് അവരുടെ പ്രകൃതിയോട് തന്നെ ഇണങ്ങിയുള്ള ഉപജീവനം ഇല്ലാതാകുന്നു. അതോടൊപ്പം അവർ പ്രകൃതിയോടിണങ്ങിതന്നെ തുടർന്നുവന്ന ജീവിതരീതിയിൽനിന്നും വ്യത്യസ്തരാകുവാൻ നിർബന്ധിതരാകുന്നു. ഇക്കാരണത്താൽ തന്നെയാണ് ഈ പദ്ധതിയെ എതിർക്കുന്നതും.

എന്തായാലും പ്രകൃതിക്കിണങ്ങുന്നതും എല്ലാവർക്കും അവരവരുടേതായ ആവാസവ്യവസ്ഥകളും നിലനിർത്തിക്കൊണ്ട് തന്നെയുള്ള വികസനം സാധ്യമാക്കാൻ സർക്കാരും ഭരണകർത്താക്കളും താല്പര്യത്തോടെ പ്രവർത്തിക്കട്ടെയെന്ന് നമുക്ക് ആശിക്കാം. **'വികസനം വസ്തുക്കളുടേതല്ല, മനുഷ്യന്റേതായിരിക്കണം'** എന്ന യുനെസ്കോയുടെ ലോകവികസന റിപ്പോർട്ടിലെ വാചകം കേരളത്തിലെ കെ-റെയിൽ പദ്ധതിയുടെ വരവിന്റെ പശ്ചാത്തലത്തിൽ ഒന്നുകൂടി ഓർക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും മുറിവുകളേൽപ്പിക്കുന്ന വൻകിടപദ്ധതികൾ നടപ്പാക്കുമ്പോൾ ഓർക്കാനുള്ള മുന്നറിയിപ്പുകൂടിയാണ് ആ വാക്കുകൾ.

# BE LIKE AN EAGLE, FLY UP AND UP

**O. C. Cherian Ooramvelil**
Hospitality Mgnt Advisor

If we study the life cycle of eagles, we will know that they are extra ordinary birds. What we normally see them is either flying up in the sky or circling round and round far away high up in the horizon. We know, that they have strong beaks, sharp eyes and power packed wings. Above all they are very intelligent too, like bees.

When they fly up they prefer to be in solitude and all alone. After choosing their path to fly up, they will spread their wings to take off and begin to fly up with a little momentum. Once they reach a destined level up, they will start flying in a spiral form, keeping their wings wide open. In the atmospheric air with wings wide opened and in a specific velocity, they simply float upwards. Even in such an height, their eyes are so sharp and powerful that even a small moving object in the ground can be identified.

When these eagles are in motion, there is one bird, knowingly or unknowingly with its own power and strength will follow them and attack. They are crows! For no reason, these foolish birds will fly behind to distract and hurt them. They may even try to sit on the body and peck the 'enemy', continuously.

The crows may think, they are in a big 'attach'. On the other side, eagles are focussed to



reach the desired point of destination and will never react to it. When the eagle reach a certain height, where oxygen is less, the crow will find it very difficult to follow anymore. Helplessly, the crow will either semi faint and roll downward or luckily escape from its "zealous mission".

This is an adaptable lesson In our life too. If eagle, attend to those useless crows and reverse it's journey, their mission of reaching high cannot be accomplished.Wisely eagles will avoid them!

In our case too, let us sincerely concentrate to our task from time to time and move forward. Only, when we take decisions on haste we fail to accomplish our missions and targets. Finally we are trapped with stumbling blocks and chaos. So let us be wise in decision making, always.

Abraham Lincoln said,. " A dream does not become reality through magic. It takes sweat, determination, and hardwork". Dark clouds in the sky will not remain too long. It will rain and there after disappearing the clouds and it will pave way to sunny and clear sky.

DiffIculties and delays are not permanent cross roads in life. In any situation our attitude counts much. Let us proceed courageously, confidently and constructively even in the worst, if so we will be at the victory stand one day.

# അനുഭവമാകേണ്ട ഗാനങ്ങൾ

ഇംഗ്ലീഷ് കീർത്തനശാഖയുടെ പിതാവ് എന്നറിയ പ്പെടുന്ന ഐസക്ക് വാട്ട്സിന്റെ കാലാതിവർത്തിയായ ഗാനമാണ് 'When I survey the wondrous cross' എന്ന ക്രൂശിന്റെ ധ്യാനകീർത്തനം. ഇംഗ്ലണ്ടിലെ സൗത്താംപ്ടണിലുള്ള കോൺഗ്രിഗേഷൻ സഭയിലെ അംഗങ്ങളായിരുന്ന ഐസക്ക് വാട്ട്സ് സീനിയറിന്റെയും സാറായുടെയും മകനായി 1674 ജൂലൈ 17 - ന് ഐസക്ക് വാട്ട്സ് ജൂണിയർ ഭൂജാതനായി. ആംഗ്ലിക്കൻ അല്ലാത്ത വേർപാടുകാരായിരിക്കുന്നത് കുറ്റകരമായിരുന്ന ആ കാലത്ത് വേർപാടുകാരനായ ഐസക്ക് വാട്ട്സ് അറസ്റ്റുചെയ്യപ്പെട്ട ദിവസമാണ് കൊച്ചു ഐസക്ക് ജനിച്ചത്. മാതാവ് ജയിലിനു പുറത്ത് ഒരു പാറയിൽ ഇരുന്നുകൊണ്ടാണ് ആ കൈക്കുഞ്ഞിനെ പരിചരിച്ചത്. പിതാവു ജയിൽ മോചിതനായി അധികം കഴിയുന്നതിനു മുമ്പേ ആ മാതാപിതാക്കൾക്ക് ഒരു കാര്യം മനസ്സിലായി. തങ്ങൾക്കു ലഭിച്ചിരിക്കുന്നത് അസാധാരണ വൈഭവമുള്ള ഒരു മകനെയാണ്.

ഇരുപതു വയസ്സിനിടയിൽ രണ്ടു വർഷംകൊണ്ട് 200 ഗാനങ്ങളാണ് ഐസക് രചിച്ചത്. "എനിക്കൊ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിക്കാൻ ഇടവരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ 6:14).' ഈ വാക്യത്തിൽ നിന്നാണ് 'മഹത്വപ്രഭു മരിച്ച ആശ്ചര്യ ക്രൂശിൽ നോക്കി ഞാൻ... എന്ന വിശ്വ പ്രസിദ്ധമായ ഗാനം ഉരുവെടുത്തത്. ഇംഗ്ലീഷ് ഭാഷയിലെ എക്കാലത്തെയും ഏറ്റവും മനോഹരമായ ഈ കീർത്തനം രാഷ്ട്ര പിതാവായ ഗാന്ധിജിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഗാനമായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങളിൽ ഇത് പതിവായി ആലപിക്കപ്പെട്ടിരുന്നു. ഓരോ നോമ്പുകാലത്തും പ്രാർത്ഥനാവേളകളിലും ക്രൂശിന്റെ വിശ്വാസികളുടെ അധരങ്ങളിലൂടെ ഈ ഗാനം അനുസ്യൂതം പുനഃർജനിക്കുന്നു.





**ഡോ. സിജിയ ബിനു PhD**
ചേർപേഴ്സൺ ആത്മ മൈ
മൈൻഡ് മൈ കെയർ

# കുട്ടികളുടെ വിദ്യാഭ്യാസന മേഖലകളിൽ മാതാപിതാക്കളുടെയും സമൂഹത്തിന്റെയും പങ്ക്, ഒരു മനഃശാസ്ത്രപരമായ വിശകലനം

“ബാലൻ നടക്കേ വഴിയിൽ അവനെ അഭ്യസിപ്പിക്ക
അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല.” –സദൃ: 22:6

**ആമുഖം**

വിശുദ്ധ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത് ഒരു കുഞ്ഞിന്റെ ചെറുപ്പകാലങ്ങളിൽ തന്നെ അവനെ അല്ലെങ്കിൽ അവളെ നേരായ രീതിയിൽ പെരുമാറുന്നതിനും തെറ്റേത് ശരിയേത് എന്ന യുക്തിസഹജമായ തിരിച്ചറിവ് ഉണ്ടാകുന്നതിനും പരിശീലിപ്പിക്കുന്നതിലൂടെ ഒരു ജീവിത ശൈലി തന്നെ അവർക്കായി മാതാപിതാക്കൾ ഏകോപിപ്പിച്ചു നൽകുവാനാണ്. ‘ഏജ്ജുക്കേഷിയോ’ എന്ന ലാറ്റിൻ പദത്തിന്റെ അർഥം ‘വളർത്തിക്കൊണ്ടുവരിക’ എന്നാണ്. വിദ്യാഭ്യാസം ഒരിക്കലും ഒരു പുസ്തകത്തിന്റെ ചട്ടക്കൂടുകളിലോ ക്ലാസ്മുറികളുടെ നാല് ചുവരുകൾക്കുള്ളിലോ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ഇതിനു ഏറ്റവും നല്ല ഉദാഹരണമാണ് ലോകപ്രശസ്തനായ ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ വാക്കുകൾ, ‘ജ്ഞാനം എന്നത് സ്കൂളിൽ പോകുന്ന ഉൽപന്നമല്ല, നേരെ മറിച്ചു അത് നേടിയെടുക്കാൻവേണ്ടി ജീവിതകാലം മുഴുവൻ നടത്തുന്ന പ്രയത്നങ്ങളുടെ ഫലമാണ്’. എത്ര അർത്ഥവത്തായ മൊഴി മുത്തുകൾ. സ്വാഭിവകമായും ഇതിനെത്തുടർന്ന് നമ്മുടെ മനസ്സിലുണ്ടാകുന്ന ചോദ്യം

“

വീഴുമ്പോൾ താങ്ങാകാനും മറന്നു പോകുന്നു, എന്ന് തോന്നുമ്പോൾ ഓർമ്മപ്പെടുത്താനും, പരാജയപ്പെട്ടു എന്ന തോന്നലുണ്ടാകുമ്പോൾ ഞങ്ങളുണ്ട് ഒപ്പം എന്ന് ആവർത്തിച്ചുരുവിടാനും ഒരു കൂട്ടം അഭ്യുദയകാംഷികളായി ഞാനും നിങ്ങളും മാറുമ്പോഴും തെറ്റിനെ തെറ്റായി കാണുവാനും നേരിന്റെ പാതയിലേക്ക് നടന്നടുക്കുന്നതിനുള്ള വിവേകം പകർന്നു നൽകുമ്പോഴും നാമും ഒരു മഹത്തായ ഉദ്യമത്തിന്റെ ഭാഗമാകുന്നതിനോടൊപ്പം നേരിന്റെ, നന്മയുടെ, പ്രതീക്ഷയുടെ, ഒരു സുവർണ്ണ ഭാവി ഓരോ കുരുന്നുകൾക്കും വേണ്ടി നാം നെയ്തെടുക്കുകയാണ്.

ജ്ഞാനിയായിത്തീരുക എന്നുള്ള തീഷ്ണത കുട്ടികളിൽ വളർത്തിക്കൊണ്ടുവരാം എന്നുള്ളതാണ്. അതുമായി ബന്ധപ്പെട്ടുള്ള ഒരു കാഴ്ചപ്പാടിലേക്കു നയിക്കുന്ന ചിന്തകൾ പങ്കുവയ്ക്കുന്നു.

### 1. അറിവ് പകർന്നുകൊടുക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക്

ഇന്ന് പല മാതാപിതാക്കളും ഈ ഉത്തരവാദിത്തം തങ്ങളെക്കാളും കൂടുതൽ നിഷിപ്തമാക്കിയിരിക്കുന്നത് സ്കൂളുകളിൽ ഇന്നോ ഇന്നലെയോ മാത്രം കണ്ടു തുടങ്ങിയ അധ്യാപകരിലാണ്. ഈ ഇടുങ്ങിയ ചിന്താഗതി സൃഷ്ടിക്കുന്ന ധാർമ്മിക മൂല്യച്യുതികളുടെ ആകെത്തുക അറിയുന്നത്. കുട്ടികൾ കൗമാരത്തിലേക്ക് കടന്നു സ്വഭാവരൂപീകരണത്തിന്റെ മൂർധന്യാവസ്ഥയിലെത്തി നിൽക്കുമ്പോഴാണ്. ജന്മം കൊണ്ടോ കർമ്മം കൊണ്ടോ മാതാപിതാക്കളായിരിക്കുന്നവർ സാകൂതം നിരീക്ഷിക്കേണ്ടതും ബോധവാന്മാരായിരിക്കേണ്ടതുമായ ഒരു കാര്യമുണ്ട്, അതായതു ഒരു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം അവൻ/അവൾ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ തന്നെ തന്റെ അമ്മയിൽ ഉണ്ടാകുന്ന ചിന്തകളുടെ, പ്രവർത്തികളുടെ, വികാരങ്ങളുടെ, എല്ലാം അർത്ഥവും വ്യാപ്തിയുമെല്ലാം മനസ്സിലാക്കുന്നു. ഇതാണ് അറിവ് നേടുന്നതിൽ മനുഷ്യന്റെ ആദ്യപടി. കാരണം ഇത്തരത്തിൽ ഉണ്ടാകു ന്ന അറിവുകളുടെ വെളിപ്പെടുത്തലുകൾ ആ കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും പ്രകടമായിരിക്കും.

### 2. വിദ്യാഭ്യാസത്തിലെ മാറുന്ന കാഴ്ചകൾ

മനുഷ്യനെ നവീകരണത്തിന്റെയും സർവോന്മുഖമായ വികസനത്തിന്റെയും പാതയിലേക്ക് നയിക്കുന്ന വിദ്യാഭ്യാസ പ്രക്രിയ ആദിമകാലം മുതൽതന്നെ സമൂഹത്തിൽ നിലനിന്നിരുന്ന ഒന്നാണ്.എന്നാൽ അതിന്റെ രൂപവും ഭാവവും കാലാകാലങ്ങളായി പലതലങ്ങളിക്ക് മാറ്റപ്പെടുകയും ഇന്നത്തെ പല സാഹചര്യങ്ങളിലും വിദ്യാഭ്യാസം എന്നത് ഒരു അഭ്യാസമായി രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ട്.

നൂറ്റാണ്ടുകളായി നമ്മൾ പറഞ്ഞു പഴകിയതും എന്നാൽ അങ്ങേയറ്റം വിലമതിക്കപ്പെടുന്നതുമായ ഒരു പ്രയോഗം ഉണ്ട്,'മാതാ പിതാ ഗുരു ദൈവം'. മാതാപിതാക്കൾക്കു നൽകിയിരിക്കുന്ന സ്ഥാനം ഗുരുവിനെക്കാളും ഒരു പടി മുകളിലാണ്. കുഞ്ഞിക്കണ്ണുകൾ തുറന്നു നോക്കുമ്പോൾ കാണുന്ന മുഖങ്ങളും, പ്രവർത്തികളും, ശ്രവിക്കുന്ന ശബ്ദങ്ങളുമെല്ലാം തന്നെയാണ് ഒരു കുട്ടിയെ സംബന്ധിച്ച് അറിവ് ശേഖരണത്തിന്റെ ആദ്യ പാഠങ്ങൾ. തുടക്കത്തിൽ തന്നെ തെറ്റായ ധാരണകൾ കുഞ്ഞുങ്ങളിലേക്കു പകർന്നു നൽകിയാൽ അടിത്തറ തന്നെ ദുർബ്ബലമാകുകയും അത് ജീവിതത്തിലുടനീളം ബലഹീനതയായി നിലനിൽക്കുകയും ചെയ്യും.

### 3. വ്യക്തിത്വ വികസനത്തിന്റെ ആദ്യപടി

ഏതൊരു മനുഷ്യനെയും സംബന്ധിച്ച് നമ്മൾ പറഞ്ഞു കേൾക്കുന്ന മൂന്നു കാര്യങ്ങൾ ഉണ്ട്, ഇഡ്, ഈഗോ, സൂപ്പർ ഈഗോ. പലപ്പോഴും ഈ പദങ്ങൾ നമ്മൾ കേൾക്കുകയും അതുപോലെ തന്നെ നിസ്സാരവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. വ്യക്തിത്വത്തിന്റെ ആദ്യ പടിയായ 'ഇഡ്' ജന്മനാ മനുഷ്യരിൽ ഉള്ളതും എന്നാൽ അപരിഷ്കൃതവുമായ ഒരു സ്വഭാവസവിശേഷതയാണ്, ആദ്യത്തെ മൂന്ന് വയസ്സിനുള്ളിൽ ഇഡ്, ഈഗോ എന്ന അവസ്ഥയിലേക്ക് വികസിക്കുകയും അവിടെ യാഥാർഥ്യബോധത്തോടു കൂടിയുള്ള പെരുമാറ്റം സാധ്യമാക്കുകയും ചെയ്യുന്നു. സൂപ്പർ ഈഗോ എന്ന വസ്തുത നാം സമൂഹത്തിൽ നിന്നും, നമ്മുടെ മാതാപിതാക്കളിൽ നിന്നുമെല്ലാം നേടിയെടുക്കുന്ന, നാം ആയിരിക്കുന്ന ചുറ്റുപാടുകളിൽ ധാർമ്മീക ബോധത്തോടു കൂടി പെരുമാറുവാനും ജീവിക്കുവാനും പ്രാപ്തരാക്കുന്ന ഘടകമാണ്.

ഇതെല്ലം പ്രായോഗികമായി അതിജീവനത്തിനു വേണ്ടി ഉപയോഗിക്കണമെങ്കിൽ ഒരോ കുട്ടിക്കും ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കേണ്ടിയിരിക്കുന്നു. മൂന്നോ നാലോ ദശകത്തിനു മുമ്പ് പത്താം തരം ജയിച്ചു എന്ന് പറഞ്ഞാൽ ഇന്നത്തെ ഡോക്ടറേറ്റ് കിട്ടിയതിനു തുല്യമാണ് എന്നാൽ ഇന്നോ, എല്ലാവരും കുറഞ്ഞത് ബിരുദാനന്തരബിരുദം വരെയെങ്കിലും പഠിച്ചവരാണ്. വിദ്യാഭ്യാസം ഒരു സാമൂഹ്യാന്തസ്സിന്റെ തന്നെ പ്രകടനവും ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം കൈവരിക്കുന്നതിന് മനുഷ്യനെ താങ്ങിനിർത്തുന്നതുമായ ഒന്നാണ്.

### 4. അമിതോൽക്കണ്ഠ ഒരു വരമോ ശാപമോ

നവീകരണത്തിനും പുരോഗതിക്കും വേണ്ടി നേടേണ്ട വിദ്യാഭ്യാസം ഇന്ന് അനാവശ്യമായ സമ്മർദ്ദങ്ങൾക്കും അതിനെത്തുടർന്നുണ്ടാകുന്ന അനിഷ്ട സംഭവങ്ങളിലേക്കും വഴി വെക്കുന്നുണ്ട്. സ്വന്തം മക്കളിൽ തന്നെ മിടുക്കനെയും മിടുക്കികളെയും ഉൾക്കൊള്ളുകയും പഠനത്തിൽ അത്ര കേമൻമാരല്ലാത്തവരെ തള്ളിക്കളയും ചെയ്യുന്ന തോടൊപ്പം മാതാപിതാക്കൾ സ്വന്തം കുട്ടികളുടെ അധ്വാന ഫലമായി പരീക്ഷകളിൽ അവർ നേടുന്ന വിജയത്തെ അയൽവാസികളുടെ കുട്ടികളുടെ

നേട്ടത്തോടൊപ്പം താരതമ്യ പഠനം നടത്തുകയും ചെയ്യുന്നു. ഇവ സൃഷ്ടിക്കുന്ന മാനസികവ്യഥകൾ കുട്ടികളിൽ മാത്രമായി ഒതുങ്ങുന്നില്ല. മറിച്ചു മാതപിതാക്കളുടെ മാനസികമായ സന്തുലിതാവസ്ഥയെയും ബാധിക്കുന്നു . സ്കൂൾ അല്ലെങ്കിൽ പഠനവുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും കേൾക്കുമ്പോൾ ചില കുട്ടികൾ കോപാകുലരാകുന്നതും അസന്തുഷ്ടി പ്രകടിപ്പിക്കുന്നതും നമ്മൾ കാണാറുണ്ട്. എന്നാൽ അതൊന്നും കാര്യമാക്കാതെ നമ്മൾ ആവർത്തിച്ചാവർത്തിച്ചു പറയുന്നത് മൂലം കുട്ടികളുടെ മാനസിക നിലയിൽ തന്നെ വളരെ അപകടകരമായ മാറ്റങ്ങൾ സംഭവിക്കുന്നു. സമൂഹത്തിൽ നിന്നും കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള സമ്മർദ്ദം ഒരു തരത്തിലും ഗുണം ചെയ്യുന്നതല്ല. മാതാപിതാക്കളും , കുടുംബവും , സമൂഹവും ഒറ്റക്കെട്ടായി നിന്നുകൊണ്ട്, വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യത്തെ തിരിച്ചറിഞ്ഞ് ഓരോ കുട്ടിക്കും തങ്ങളുടെ കഴിവുകൾക്കനുസരിച്ചു വളരാനുള്ള സാഹചര്യം സൃഷ്ടിച്ചു നൽകുക എന്നുള്ള മഹത്തായ ഒരുദ്യമമാണ് ചെയ്യേണ്ടത്.

### 5. കുട്ടികളും പഠന വൈകല്യങ്ങളും

മുൻകാലങ്ങളിൽ കേട്ട് കേൾവി ഇല്ലാത്തതും എന്നാൽ ഇന്ന് വലിയതോതിൽ മുഴങ്ങികേൾക്കുന്നതുമായ ഒന്നാണ് പഠന വൈകല്യങ്ങൾ എന്നത്. നാഡി വ്യവസ്ഥയുമായി ബന്ധപ്പെട്ടുണ്ടാകുന്ന തകരാറിനെതുടർന്ന് കുട്ടികൾക്ക് അവർ ഗ്രഹിക്കുന്നതും മനസ്സിലാകുന്നതുമായ കാര്യങ്ങളെ ശരിയായ രീതിയിൽ സ്വീകരിക്കാനോ കൈകാര്യം ചെയ്യുന്നതിനോ കഴിയാതെയിരിക്കുന്ന അവസ്ഥയിൽ അവർ പഠനത്തിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും വളരെ മോശപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നു. പഠന വൈകല്യം പാരമ്പര്യമായിട്ടോ ഇല്ലെങ്കിൽ നാഡീവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കൊണ്ട് സംഭവിക്കുന്നതാണെങ്കിൽ പോലും ഇത് പഠനത്തെ മാത്രമല്ല, കുട്ടി വളർന്നു വലുതായി വ്യക്തി ജീവിതത്തിലേക്ക് കടക്കുമ്പോൾ പോലും വളരെയധികം ദോഷകരമായി ബാധിക്കാറുണ്ട്. എങ്കിലും പൊതുവായി കണ്ടു വരുന്ന പ്രവണത ഇതിനെക്കുറിച്ചുള്ള അജ്ഞത മൂലം പലപ്പോഴും കുട്ടികളെ മണ്ടൻ അല്ലെങ്കിൽ മണ്ടി എന്നുള്ള വിഭാഗത്തിൽപ്പെടുത്തി അവഗണിക്കുന്നതാണ്. എന്നാൽ വളരെ ചെറുപ്പകാലങ്ങളിൽ തന്നെ ഇതിനെ തിരിച്ചറിഞ്ഞു പ്രത്യേക പരിശീലനം കൊടുക്കുന്നതിലൂടെ കുട്ടികളെ നമുക്ക് മിടുക്കന്മാരും മിടുക്കികളുമാക്കി മറ്റാൻ സാധിക്കും.

പഠന വൈകല്യം പൊതുവായി കണ്ടുവരുന്നത് വായിക്കാനും എഴുതാനുമുള്ള ബുദ്ധിമുട്ടാണ്. ഇതിനെ ഡിസ്ഗ്രാഫിയ എന്നും ഡിസ്ലെക്സിയ എന്നും പറയുന്നു. അതേസമയം ഗണിതമേഖലയിലാണ് കുട്ടി പ്രയാസം നേരിടുന്നതെങ്കിൽ അതിനെ ഡിസ്കാൽകുലിയ എന്നും ശരീര ഭാഷയോ മുഖഭാവങ്ങളോ വായിച്ചെടുക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അതിനെ നോൺവെർബൽ ഡിസബിലിറ്റി എന്നും, വായിക്കുന്നതു മനസ്സിലാക്കിയെടുക്കാൻ ബുദ്ധിമുട്ടുകയാണെങ്കിൽ ആ അവസ്ഥയെ ഓറൽ അഥവാ റിട്ടേൺ ഭാഷാവൈകല്യം എന്നും പറയുന്നു. ക്ഷമയോട് കൂടെയുള്ള പരിശീലനവും കൈത്താങ്ങലുകളും തീർച്ചയായും ഇത്തരത്തിലുള്ള കൂട്ടുകാർക്കു ഒരു ഔഷധമായി മാറുകയും പ്രത്യേകം പരിശീലനം സിദ്ധിച്ച അധ്യാപകർ വഴി അവരെയും സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടുവരുന്നതിനും സാധിക്കും.

### 6. പ്രതീക്ഷയുടെ ഒളിയമ്പുകൾ

ആരോഗ്യകരമായ തലമുറകളെ സൃഷ്ടിക്കാൻ മാതാപിതാക്കളും അധ്യാപകരും സമൂഹവും ഒരുമിച്ചു കൈകോർക്കണം. വീഴുമ്പോൾ താങ്ങാകാനും മറന്നുപോകുന്നു, എന്ന് തോന്നുമ്പോൾ ഓർമ്മപ്പെടുത്താനും, പരാജയപ്പെട്ടു എന്ന തോന്നലുണ്ടാകുമ്പോൾ ഞങ്ങളുണ്ട് ഒപ്പം എന്ന് ആവർത്തിച്ചുരുവിടാനും ഒരു കൂട്ടം അഭ്യുദയകാംഷികളായി ഞാനും നിങ്ങളും മാറുമ്പോഴും തെറ്റിനെ തെറ്റായി കാണുവാനും നേരിന്റെ പാതയിലേക്ക് നടന്നടുക്കുന്നതിനുള്ള വിവേകം പകർന്നു നൽകുമ്പോഴും നാമും ഒരു മഹത്തായ ഉദ്യമത്തിന്റെ ഭാഗമാകുന്നതിനോടൊപ്പം നേരിന്റെ, നന്മയുടെ, പ്രതീക്ഷയുടെ, ഒരു സുവർണ്ണ ഭാവി ഓരോ കുരുന്നുകൾക്കും വേണ്ടി നാം നെയ്തെടുക്കുകയാണ്..

## ഭദ്രാസന വൈദിക കുടുംബസംഗമം

ഭദ്രാസനത്തിലെ വൈദികരുടെ '**കുടുംബ കൂടി വരവ്**' 2022 ഏപ്രിൽ 22 വെള്ളിയാഴ്ച്ച വൈകുന്നേരം 4.30ന് സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.



റവ. സുനിൽ ബി. സഖറിയ
ഡയറക്ടർ, ആശാഭവൻ

# ആശാ ഭവൻ: സംഘയാത്രയുടെ സാംഗത്യം

ഒരു ക്ഷേമരാഷ്ട്രത്തിന്റെ ആരോഗ്യം, സമ്പത്ത്, തുല്യനീതി, സമൂഹത്തിലെ സ്ഥാനം എന്നിവയിലെല്ലാം ഏറെക്കുറെ എങ്കിലും സമത്വം ഉള്ള ഒരു വ്യവസ്ഥിതിയുടെ ആവിഷ്കാരവും നിലനില്പും തുടർച്ചയും ഉറപ്പുവരുത്തേണ്ടതുണ്ട്. കേവലം ആശയപരമെന്നോ (Ideological) യൂട്ടോപ്യൻ എന്നോ തോന്നാമെങ്കിലും ഒട്ടുമിക്ക ഇടത്തും രാഷ്ട്രീയവും മതപരവുമായ വാഗ്ദാനങ്ങളാണ് മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു സമത്വസുന്ദര ഭൂമി. സമൂഹത്തിലെ സന്തുലിതാവസ്ഥ (Equilibrium) യ്ക്ക് നിരക്കുന്നതല്ല ആധുനിക പൊതുസമൂഹത്തിന്റെ മാപിനികളും സൂചകങ്ങളും. എത്തിപ്പിടിക്കാവുന്ന ഒരു ഉയരത്തിൽ എത്തിയവർ വീണ്ടും ഉയർന്നു പോകുകയും അല്ലാത്തവർ കിണഞ്ഞു പരിശ്രമിച്ചിട്ടും നിരങ്ങിയും വീണും ഏറെ പിമ്പിൽ നിന്നും പിന്നെയും പിമ്പിലേക്ക് കിതച്ചു തളരുന്നവരും ആണ്.

### സഭയുടെ സാംഗത്യം

ദൈവം സൃഷ്ടിച്ച സമത്വസുന്ദര ഭൂമിയിൽ 'എല്ലാം മനോഹരവും നല്ലതും' എന്ന് ദൈവം കണ്ടു. കാണെക്കാണെ സ്വയംകൃതാനർത്ഥമായോ ബന്ധങ്ങളിലെ ഇടർച്ച മൂലമോ, സ്വാഭാവികമായോ, ബലഹീനരും തകർന്നവരും നുറുങ്ങിയവരും എല്ലാം പ്രത്യക്ഷപ്പെട്ടുതുടങ്ങി. ദീനരേയും തിരസ്കരിക്കപ്പെട്ടവരെയും പ്രന്തസ്ഥിരതരെയും അനുകമ്പാപൂർവ്വം സൗഖ്യത്തിലേക്കും പൂർണ്ണതയിലേക്കും നയിച്ച ക്രിസ്തുവാണ് സഭയുടെ ആതുരശുശ്രൂഷാ കേന്ദ്രങ്ങളുടെയും പുനരധിവാസ കേന്ദ്രങ്ങളുടെയും പ്രചോദനവും പിൻബലവും.

ശാരീരികമായും മാനസികമായും വൈകാരികമായും ദീനത അനുഭവിക്കുന്നവർ മത്സരാധിഷ്ഠിതമായ ഒരു സമൂഹത്തിൽ പലപ്പോഴും പരിഗണിക്കപ്പെടുന്നില്ല. താരതമ്യത്തിലും മത്സരത്തിലും ആർത്തിയിലും അധിഷ്ഠിതമായ വിപണി സമ്പദ് വ്യവസ്ഥയിൽ (Market Economy) ബലഹീനർ പിന്തള്ളപ്പെടുകയും വിസ്മൃതിയിൽ ആകുകയും ചെയ്യുന്നിടത്താണ് ഒരു സംഘയാത്രയ്ക്ക് ദിശാബോധം നൽകുക എന്ന സഭയുടെ സാംഗത്യം. കൂടെ സഞ്ചരിക്കുന്നവരെ ചേർത്തുനിർത്തി, ബലഹീനരെ ശക്തിപ്പെടുത്തി, വീണവരെ താങ്ങി ഒക്കെയുള്ള പ്രയാണമാണ് തീർത്ഥയാത്ര ആകുന്നത്.

### ആശാകിരണമായ് ആശാഭവൻ

സംഘയാത്രയുടെ ബോധപൂർവ്വമായ ഉദ്യമങ്ങളിൽ ഒന്നാണ് മാർത്തോമ്മാ സഭ അടൂർ ഭദ്രാസനത്തിന്റെ ചുമതലയിൽ പത്തനാപുരത്തിന് അടുത്തുള്ള പിട

വൂർ ആശാഭവൻ. 1981–ൽ (അന്താരാഷ്ട്ര വികലാംഗ വർഷം) ഇടത്തറ കൺവൻഷനോടനുബന്ധിച്ച് വികലാംഗരുടെ പുനരധിവാസലക്ഷ്യം മുൻനിർത്തി കാലം ചെയ്ത അഭിവന്ദ്യ ഡോ.സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പൊലീത്ത തിരുമേനിയുടെ നേതൃത്വത്തിൽ മാർത്തോമ്മാ കെയർ സെന്ററിന് ആരംഭം കുറിച്ചു. ശാരീരിക പരിമിതിയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനായി 1984–ൽ പത്താനാപുരം പിടവൂരിൽ ഒരു സെന്റർ തുറന്നു. 1990–ൽ മാർ ത്തോമ്മാ കെയർ സെന്ററിന് അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാ പ്പൊലീത്താ തിരുമേനി ഒരു പുതിയ രൂപവും ഭാവ വും നൽകിയതാണ് ഇന്നു കാണുന്ന ആശാഭവൻ.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സമഗ്ര വളർച്ചയിലൂടെ സമൂഹത്തിന്റെ മുഖ്യധാ രയിലേക്ക് കൊണ്ടുവരികയാണ് ആശാഭവന്റെ ലക്ഷ്യം. അനേക കുട്ടികൾ ആശാഭവന്റെ സ്നേഹ പരിചരണം ലഭിച്ച് ജീവിതത്തിന്റെ പച്ചയായ പുൽ പ്പുറങ്ങളിലേക്ക് നയിക്കപ്പെട്ടത് ചാരിതാർത്ഥ്യ ജനകമാണ്. ശാരീരിക വൈകല്യവും സെറിബ്രൽ പാൾസിയുമുള്ള 51 കുട്ടികൾ ഇപ്പോൾ ആശാ ഭവനിൽ താമസിച്ച് പഠിച്ചുവരുന്നു. ജാതിമത ഭേദമെന്യേ, ശാരീരിക വൈകല്യമുള്ളവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കുട്ടികൾക്കാണ് പ്രവേശനം ലഭിക്കുന്നത്. കുട്ടി കളുടെ വിദ്യാഭ്യാസം, താമസം, ഭക്ഷണം, ഫിസി യോതെറാപ്പി, സ്പീച്ച് തെറാപ്പി ഉൾപ്പെടെയുള്ള ആരോഗ്യ പരിപാലനം എന്നിവ സൗജന്യമായി നൽകിവരുന്നു. സമർപ്പിതരായ 14 സ്റ്റാഫംഗങ്ങൾ ആശാഭവന്റെ ദൈനംദിന കാര്യങ്ങൾക്ക് സഹായ കരമായി വർത്തിക്കുന്നു.

കേരളാ സാമൂഹ്യ ക്ഷേമവകുപ്പിന്റെ (Board of control for Orphanages and other charitable Homes - Reg.No. 1823) അംഗീകാരത്തോടെ അടൂർ ഭദ്രാസനത്തിന്റെ ചുമ തലയിൽ മാർത്തോമ്മാ ഡവലപ്മെന്റ് സൊസൈറ്റി യുടെ ഒരു യൂണിറ്റായി ആശാഭവൻ പ്രവർത്തിച്ചു വരുന്നു.

### വെല്ലുവിളികളും സാധ്യതകളും സാമൂഹിക കളങ്കവും (Social Stigma)

അംഗപരിമിതർ, രോഗികൾ, അനാഥർ, ട്രാൻസ്ജെൻ ഡറുകൾ തുടങ്ങിയവർ നേരിടുന്ന ഒരു വെല്ലുവിളി അവരെ സമശീർഷക ഭാവത്തോടെ കാണുവാൻ തക്കവിധത്തിൽ പൊതുസമൂഹം ഇന്നും പരിപക്വമല്ല എന്നതാണ്. അനുകമ്പയില്ലാത്ത അയ്യോഭാവവും മേനി നടിക്കുന്ന ചാരിറ്റിയുമാണ് ചിലരെങ്കിലും വച്ചു നീട്ടുന്നത്.

### അപകർഷതാബോധത്തിൽനിന്നും ആത്മാഭിമാനത്തിലേക്ക് (Inferiority complex)

തങ്ങളുടെ ശാരീരിക ന്യൂനതകൾ മൂലവും ഏറെ ശ്രമിച്ചിട്ടും സാധാരണ ആളുകളെപ്പോലെ കായിക മായി പ്രവർത്തനക്ഷമതയില്ലാത്തതും സാമൂഹിക കളങ്കം (Social Stigma) എന്ന മുദ്രകുത്തലും ഒക്കെ ചേർന്ന് അംഗപരിമിതരായവർ ഏറെ അപകർഷതാ ബോധം അനുഭവിക്കുന്നുണ്ട്. ദീർഘകാലത്തിൽ സമൂഹത്തിന്റെ ഇടപാടുകൾകൊണ്ടും, നോട്ടം കൊണ്ടും, വാക്കുകൾ കൊണ്ടും അവരുടെ പീഡക ൾക്ക് ആക്കം വർദ്ധിച്ച് ചൂളിച്ചുരുങ്ങി വല്ലാതെ ചെറു താകുന്നുണ്ട്. ആശാഭവൻ പോലെയുള്ള സ്ഥാപന ങ്ങളുടെ ബോധപൂർവ്വമായ ഉദ്യമം അപകർഷതാ ബോധത്തിൽനിന്നും ക്രമേണ ആത്മാഭിമാനത്തി ലേക്ക് നയിക്കപ്പെടുവാൻ കൂട്ടുനിൽക്കുക എന്ന താണ്.

### സാമ്പത്തിക വെല്ലുവിളികളും അവസര രാഹിത്യവും

ശാരീരിക പരിമിതിയുള്ളവർക്ക് മെച്ചപ്പെട്ട വിദ്യാ ഭ്യാസവും തൊഴിലും നേടിയെടുക്കുവാൻ സാഹ ചര്യങ്ങൾ കുറയുന്നു. അതിൽതന്നെ സാമ്പത്തിക പിന്നോക്കം നിൽക്കുന്നവർ ഏറെ പിമ്പിലായി പോകുന്നു. മെച്ചമായ Work force ഉണ്ടെങ്കിലേ ഉല്പാദനക്ഷമത വർദ്ധിക്കൂ. അതിന് മെറിറ്റ് മാത്രം മതി എന്നു വാദിക്കുന്ന മാർക്കറ്റ് ഇക്കോണമിക്ക് അംഗപരിമിതിയുള്ളവർ അപശകുനമാണ്. എന്നാൽ സമൂഹത്തിന്റെ സന്തുലിതാവസ്ഥ (Equilibrium) നിലനിർത്തുന്നതിന് ആവശ്യമായും ജനവിഭാഗ ങ്ങളിലെ താരതമ്യേന മെല്ലെപ്പോക്കുകാരെയും കണക്കിലെടുക്കേണ്ടതുണ്ട്.

ശാരീരിക പരിമിതിയുള്ളവർ ബുദ്ധിപരവും വൈകാരികവും ജൈവപരവുമായ കാര്യങ്ങളിൽ മറ്റേതൊരാളെപ്പോലെയും സക്രിയരാണ്. അതുകൊ ണ്ടുതന്നെ വിവാഹം, തലമുറകൾ, പൗരബോധം എന്നിവയെല്ലാം മറ്റേതൊരാളെപ്പോലെയും അം ഗപരിമിതരുടെ നൈസർഗ്ഗികമായ ചോദനയാണ്. സമാനമായ ശാരീരിക മാനസിക പരിമിതികളിലൂ ടെ കടന്നു പോകുന്നവർ പരസ്പരം മനസ്സിലാക്കു കയും അംഗീകരിക്കുകയും കരുതുകയും ദൈവ സ്നേഹം പങ്കിടുകയും ചെയ്യുന്ന ഒരാവാസ വ്യവ സ്ഥയാണ് ആശാഭവൻ പോലെയുള്ള കെയർ ഹോമുകളിലൂടെ സാധ്യമാകുന്നത്.

# പ്രശ്നോത്തരി

**ഹെർമ്മോൻ ദൂതൻ**
പ്രശ്നോത്തരിക്ക് ലഭിക്കുന്ന
അഭൂതപൂർവ്വമായ പ്രതികരണത്തിന്
**നന്ദി..**

**ഉത്തരങ്ങൾ**
**2022 മെയ് 20 ന് മുമ്പായി ചീഫ് എഡിറ്റർ,
ഹെർമ്മോൻദൂതൻ, ഹെർമ്മോൻ അരമന, അടൂർ, 691523
എന്ന വിലാസത്തിൽ അയക്കേണ്ടതാണ്**

ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്.
ഉത്തരങ്ങൾ അയക്കുന്നവർ ഉത്തരക്കടലാസിൽ അവരവരുടെ പേരുകൾ എഴുതേണ്ടതാണ്. പോസ്റ്റ് കാർഡിൽ ഉത്തരം അയക്കുന്നത് അഭികാമ്യമാണ്.

കഴിഞ്ഞ ലക്കത്തിലെ വിജയി:
**ജോളി രാജൻ, പുതുവൽ സെന്റ് തോമസ് MTC**

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. 'ഉരുട്ടിക്കളഞ്ഞ ശവകുടീര കല്ലുകളുടെ ഉത്സവമാണ് ഈസ്റ്റർ' എന്ന് പറഞ്ഞതാര്?
2. കെ റെയിൽ നടത്തിപ്പ് കമ്പനിയുടെ പേര്?
3. 'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രം' എന്ന് പറഞ്ഞതാര്?
4. ഗത്സമനായിൽ യേശുവിനോടൊപ്പം ഉണ്ടായിരുന്ന ശിഷ്യർ ആരെല്ലാം?
5. എഴുതാനും വായിക്കാനുമുള്ള വൈകല്യത്തിന്റെ മനശാസ്ത്രപരമായ പേരുകൾ ഏവ?
6. എഡ്യൂക്കേഷിയോ എന്ന പദത്തിന്റെ അർത്ഥം?
7. ആശാഭവൻ ആരംഭിച്ച വർഷം?

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. ഡോ. ബി ആർ അംബേദ്കർ
2. മരിപ്പള്ളിഗുഡ
3. ഡോ. കെ എം മാത്യു
4. ബ്രസീൽ
5. ഹൃദയത്തിൽ
6. അനുരഞ്ജനം
7. പിസ്ഗ

## കഴിഞ്ഞ ലക്കത്തിൽ ശരിയായ ഉത്തരം അയച്ചവർ

O. Thomas, Vathikulam Bethel
Prasanna Varghese, Vathikulam Bethel
Alice Thomas, Thevalakkara Immanuel
Reetha Cherian, Muttom Salem
K.O. Samuelkutty, Muttom Salem
Abraham James Shiju, Kurathikadu Jerusalem
Aron Abraham Shiju, Kurathikadu Jerusalem
Omana Abraham, Kurathikadu Jerusalem
Saly Mathew, Kattanam St. Thomas
Tijo Joseph John, Kayamkulam Salem
Lillikutty Yohannan, West Kallada Immanuel
Reena Biji, Kannamkode MTC
Beena Alex, Kollaka St. Thomas
Achamma John, Vettiyar St. Thomas
Rinu K Oommen, Njakkanal Salem
Albin Regi, Njakkanal Salem
Chinnamma Daniel, Kulakkada St. Thomas
Leelamma Thomas, Choorakkode St. Mathews
Reny Koshy, Choorakkode St. Mathews
Anu Biju, Parakode Immanuel
Susamma Jacob, Kollaka St. Thomas
Sosamma Jacob, Thevalakkara Valiyapally
Lisamma Thomas, Thuvayoor St. Andrews
Saji Varghese, Kottanalloor Salem
Marykuty Abraham, Vathikulam Bethel
Sherly Sam, Kodumon Sehion
Dr. Leya Sara Thomas, Kozhikode St. Thomas
Lissy Varghese, Charummoodu Christhos
K.G. Rajan, Thevalakkara Immanuel
Princy R., Piravanthoor St. Thomas
Thomas Puthethu, Kozhikode St. Thomas
Geetha P. Simon, Kozhikode St. Thomas
Reshma Liju, Vathikulam Bethel
Rosamma Baby, Enathu MTC
Lilly Thomas, Chachipunna Salem
V. Thankachan Kozhikode St. Thomas
Rosamma Thankachan, Kozhikode St. Thomas
Jainy John, Pathanapuram Immanuel
T.N. Varghese Kodumon Sehion
Gracy Thomas, Chunakkara St. Thomas
Sophy Monachan, Kurathikadu St. Thomas
Aleena Johnson, Kalayapruam Salem
Betty Alex, West Kallada Immanuel
P.T. Thomas, Pathanapuram Immanuel
Linu K. Yohannan Thuruthikkara Immanuel
Thomas George, Pathanapuram Immanuel
Asha Raju, Enathu MTC
Dr. Rijo Simon Thomas, Kozhikode St. Thomas
Deepthi George, Kozhikode St. Thomas
Leelamma George, Vathikulam St. Paul's
Ani Alexander, Kattanam St. Thomas
Mary Mathew, Mannady MTC
Annamma Koshy, Kodumon Sehion
Lalitha James, Chunakkara St. Thomas
Molly Alex, Choorakkode St. Marhews
Amala Joseph, Kolkata St. Thomas
Sobha Babu, Arinalloor Bethel,
Bose K., Patharam, St. Thomas,
Jolly Rajan, Puthuval St. Thomas
K.S. Thomas, Chunakkara St. Thomas
Jolly Rinu, Njakkanal Salem
Leelamma Philip, Chunakkara St. Thomas
Abel T. Monachan, Kalayapruam Salem
Angela Sara John, Pidavoor Ebenezer

**കാക്കനാട് മാർ ക്രിസോസ്റ്റം സെന്ററും കറ്റാനം മെഡിക്കൽ മിഷൻ ഹോസ്പിറ്റലും
സംയുക്തമായി പുതുപ്പള്ളി മിഷൻ സെന്ററിൽ വച്ച് നടത്തിയ മെഡിക്കൽ ക്യാമ്പ്**



**കാപ്പിൽ സെന്റ് തോമസ് മാർത്തോമ്മാ
ഇടവകയ്ക്കു വേണ്ടി പണികഴിപ്പിച്ച
പുതിയ പാർസനേജ്**









Printed & Published by: Rev. Soju M. Thomas (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. John Mathew